VOL NO: 03 | ISSUE 30

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 JULY 27 | ₹12

ലഹരിവസ്തുക്കൾ വരുത്തിവെക്കുന്ന സാമൂഹ്യവിപത്തിന്റെ വ്യാപ്തി അറിയാത്തവരല്ല പ്രബുദ്ധ കേരളക്കാർ. എന്നിട്ടും നമ്മുടെ നാട്ടിൽ കള്ള് വകുപ്പും ആ വകുപ്പിനൊരു മന്ത്രിയുമുണ്ട്. സ്വദേശ, വിദേശ മദ്യഷാപ്പുകളും നാടൻ കള്ളുഷാപ്പുകളും നമ്മുടെ സർക്കാരിന്റെ ആശിർവാദത്തോടെ ആളുകളെ ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുന്നു. മദ്യവിരുദ്ധ സമിതികളുടെ പ്രവർത്തകരുടെ സ്വരം ഭരണകൂടത്തിന്റെ ബധിരകർണങ്ങളിൽ പതിക്കാറില്ല. സമ്പൂർണ മദ്യനിരോധനം അസാധ്യമാണോ?



## മദ്യപിച്ച് നശിക്കുന്ന മനുഷ്യരും മദ്യംവിറ്റ് പണമുണ്ടാക്കുന്ന സർക്കാറും

|| സഹന ജീവിതത്തിന്റെ അനിവാര്യത
|| ദുൽഹജ്ജ് മാസത്തിലെ ശ്രേഷ്ഠദിനങ്ങൾ
|| മുജ്തഹിദായ പണ്ഡിതന്മാരും ഹദീഥുകളും

### കെ.കെ സകരിയ്യ സ്വലാഹി: അറിവിനെ സ്നേഹിച്ച പണ്ഡിതൻ

ആദർശരംഗത്ത് കണിശതയുടെയും കാർക്കശ്യത്തിന്റെയും ആൾരൂപമായിരുന്നു ഈയിടെ വിടപറഞ്ഞ കെ.കെ സകരിയ്യ സ്വലാഹി. മതവിജ്ഞാനീയത്തിലുള്ള ആഴമേറിയ പരിജ്ഞാനവും അതിനോട് അദ്ദേഹം കാത്തുസൂക്ഷിച്ച വൈജ്ഞാനിക സത്യസന്ധതയും മറ്റുള്ളവരിൽ നിന്ന് അദ്ദേഹത്തെ വേറിട്ട് നിർത്തി. മൗലവിയെ കുറിച്ചുള്ള ചില ഓർമകൾ

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക
0132 / 2019 ജൂലായ് 27 / ദുൽഖഅദ് 24 / പുസ്തകം 3 / ലക്കം / 30



# മദ്യപിച്ച് നശിക്കുന്ന മനുഷ്യരും മദ്യംവിറ്റ് പണമുണ്ടാക്കുന്ന സർക്കാറും

നബീൽ പയ്യോളി / 10


**മുഖമൊഴി**

സഹന ജീവിതത്തിന്റെ അനിവാര്യത / 05
എഡിറ്റർ

**ബാലപഥം**

നന്മയുള്ള മക്കൾ / 18
അബൂഹംദ, അലനല്ലൂർ

**കവിത**

പാഴ്ക്കിനാവ് / 19
ഉസ്മാൻ പാലക്കാഴി

**കാഴ്ച**

വിതക്കാത്തത് കൊയ്യാൻ ഒരുങ്ങുന്നവർ / 34
ഇബ്നു അലി എടത്തനാട്ടുകര

**ലേഖനം**

കെ.കെ. സകരിയ്യ സ്വലാഹി: അറിവിനെ സ്നേഹിച്ച പണ്ഡിതൻ / 07
ഫൈസൽ മൗലവി പുതുപ്പറമ്പ്

പ്രവാസത്തിന് ഇത് അവധിക്കാലം / 15
അബൂ അബ്ദില്ല

ക്വുറൈശികൾ ബദ്റിൽ / 20
ഫദ്‌ലുൽ ഹഖ് ഉമരി

ദുൽഹജ്ജ് മാസത്തിലെ പത്ത് ദിവസങ്ങളുടെ ശ്രേഷ്ഠതകൾ / 26
ഹംസ ജമാലി

മുജ്തഹിദായ പണ്ഡിതന്മാരും ഹദീഥുകളും / 30
ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ


Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com | Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



### അനുഗ്രഹത്തിന് അർഹരാവാം

മഴയെ അന്വേഷിക്കാത്തവരും നിലച്ചുപോയ മഴയെ ഓർത്ത് വിഷമിക്കാത്തവരും വിരളമാണിന്ന്. രാജ്യത്തിന്റെ നാനാഭാഗത്തു നിന്നും കിട്ടാക്കനിയായിക്കൊണ്ടിരിക്കുന്ന കുടിനീരിന്റെ വിഷയത്തിൽ ദുഃഖവാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്.

വായിച്ചു തള്ളാനൊക്കുന്ന വാർത്തകളോ നിസ്സാരവത്കരിക്കാവുന്ന ഫോട്ടോകളോ പരിഹാരമാർഗങ്ങൾക്ക് ആക്കം കൂട്ടേണ്ടതില്ലാത്ത അനുഭവങ്ങളോ അല്ല കൺനിറയെ കണ്ടുകൊണ്ടിരിക്കുന്നത്.

ശുദ്ധജലം ലഭിച്ചുകൊണ്ടിരിക്കുന്ന സ്രോതസ്സുകൾ മൺകൂനകൾക്ക് വഴിമാറുമ്പോൾ ആശങ്കയിലാപതിക്കാത്ത ഏത് ജീവിയാണുള്ളത്?

കേരളത്തിന് 2018ലെ ജൂൺ മാസം വെള്ളം കൊണ്ട് പൊറുതിമുട്ടിയ മാസമായിരുന്നങ്കിൽ 2019ന്റെത് തികച്ചും വിഭിന്നമാണ്. 1983ലെ വരൾച്ചാ ദുരിതങ്ങൾക്ക് സമാനമാണ് കാര്യങ്ങളടെ കിടപ്പെന്ന് ചരിത്രമറിയുന്നവർ ആണയിടുന്നു!

ഇവിടെ വെട്ടിമാറ്റപ്പെട്ട മരത്തിനെയോ പ്രകൃതിയുടെ മാറ്റങ്ങളെയോ പഴിക്കാതെ ഇത്തരം അവസ്ഥകളുടെ മൂലകാരണത്തെ കുറിച്ച് അന്വേഷിക്കേണ്ടിയിരിക്കുന്നു നാം.

ജീവിതത്തിന്റെ നിഖില മേഖലകളിലും പുലർത്തിപ്പോരേണ്ട ദൈവിക നിയമങ്ങൾ കാറ്റിൽ പറത്തി അനുദിനം അരുതായ്മകളുടെ ആൾരൂപങ്ങളായിക്കൊണ്ടിരിക്കുന്നുവെങ്കിൽ ദൈവം പരീക്ഷിക്കാതിരിക്കില്ല. അത്തരം പരീക്ഷണങ്ങൾ വെള്ളത്തിന്റെയും വെളിച്ചത്തിന്റെയും കുറവ് മൂലവും പ്രത്യക്ഷപ്പെട്ടേക്കാം.

ആയതിനാൽ, എണ്ണിയാലൊടുങ്ങാത്ത ദൈവാനുഗ്രഹങ്ങളുടെ ഇടയിലൂടെ ജീവിക്കുമ്പോഴും അവ അനുഭവിച്ച് സുഖത്തോടെ കഴിയാൻ നാം അർഹരാവേണ്ടതുണ്ട്. സൽകർമങ്ങളുടെ പിൻബലത്തിൽ നാഥന്റെ അനുഗ്രഹത്തിനായ് പ്രാർഥിക്കാം നമുക്ക്; പ്രതീക്ഷ കൈവെടിയാതെ.

**-മുസ്‌ലിം ബിൻ ഹൈദർ**

### ആത്മഹത്യ പ്രശ്നം തന്നെ

ആത്മഹത്യയെ കുറിച്ച് നേർപഥത്തിൽ പ്രസിദ്ധീകരിച്ച നബീൽ പയ്യോളിയുടെ കവർസ്റ്റോറി വായിച്ചു. ഉദ്ബുദ്ധരെന്നും പ്രബുദ്ധരെന്നും സ്വയം അഭിമാനിക്കുന്ന മലയാളികൾക്കിടയിൽ വർധിച്ചു വരുന്ന ആത്മഹത്യയും ആത്മഹത്യാശ്രമങ്ങളും ഖേദകരമാണ്. രാഷ്ട്രീയമായും ബൗദ്ധികമായും ഉന്നതിയിലെന്ന് വീമ്പ് പറയുമ്പോഴും പ്രശ്നങ്ങളെ അതിജീവിക്കാനുള്ള മനക്കരുത്തില്ലാത്തവരാണ് നാമെന്ന് ദിനംപ്രതി പത്രവാർത്തകൾ സൂചിപ്പിക്കുന്നു. ഇവിടെ കൃത്യമായ പരിഹാരം മതങ്ങൾക്ക് മാത്രമെ നൽകാനാവൂ എന്ന പ്രസ്താവന മുഖവിലക്കെടുക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെയാണ് ശരിയായ മതവിശ്വാസമുൾക്കൊണ്ടവരിൽ ആത്മഹത്യാനിരക്ക് കുറഞ്ഞതായി കണ്ടുവരുന്നത്. ഇക്കാര്യം വ്യക്തമായി ബോധ്യപ്പെടുത്തിയ ലേഖകന് അഭിനന്ദനങ്ങൾ.

**-നിജിൽ**


# സുല്ലമുസ്സലാം അറബിക്കോളജ്

# പൂർവ വിദ്യാർഥികൾ ഒത്തുചേരുന്നു

അരീക്കോട് സുല്ലമുസ്സലാം അറബിക്കോളജ് പൂർവ വിദ്യാർഥികൾ കലാലയത്തിൽ ഒത്തുചേരുന്നു. ജൂലൈ 31-ന് (ബുധൻ) രാവിലെ 9.30ന് കോളജ് ഓഡിറ്റോറിയത്തിലാണ് സംഗമം. സുല്ലമുസ്സലാം ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ (SOSA) നേതൃത്വത്തിലാണ് സംഗമം. കോളജിൽ നിന്ന് പഠിച്ചിറങ്ങിയ മുഴുവൻ വിദ്യാർഥികളും സംഗമത്തിൽ പങ്കെടുക്കണമെന്ന് SOSA നിർവാഹകസമിതി ഭാരവാഹികൾ ആവശ്യപ്പെട്ടു.

**0483 2850236** (ഓഫീസ്)
**9539355560** (സെക്രട്ടറി)

മുഖമൊഴി

# സഹന ജീവിതത്തിന്റെ അനിവാര്യത

സന്തോഷം മാത്രം നിറഞ്ഞ ഒരു ജീവിതം ഈ ഭൂമിയിൽ മനുഷ്യനായി ജനിച്ച ഒരാൾക്കും ലഭിക്കുവാനിടയില്ല. അങ്ങനെയൊരവസ്ഥയിലല്ല അല്ലാഹു മനുഷ്യരെ സൃഷ്ടിച്ച് സംവിധാനിച്ചിരിക്കുന്നത്. ഇഹലോക ജീവിതത്തിൽ സുഖവും ദുഃഖവും മാറിമാറി വന്നേക്കാം. ഒരു വിപത്ത് ബാധിച്ചാൽ അത് അല്ലാഹുവിന്റെ വിധിയാണെന്ന് മനസ്സിലാക്കുകയും ക്ഷമിക്കുകയും അതിന് പരലോകത്ത് പ്രതിഫലമാഗ്രഹിക്കുകയും അല്ലാഹുവിന്റെ തീരുമാനത്തിന് കീഴൊതുങ്ങുകയും ചെയ്താൽ ആ വ്യക്തിയുടെ ഹൃദയത്തിന് അല്ലാഹു സ്വസ്ഥതയും ദൃഢതയും നൽകുന്നതാണ്.

ജീവിതയാത്രയിലെ വിവിധങ്ങളായ ഘട്ടങ്ങളിൽ ക്ഷമിക്കുന്നവനായിരിക്കണം ഒരു വിശ്വാസി. എല്ലാം അല്ലാഹുവിങ്കൽ നിന്നാണെന്ന് മനസ്സിലാക്കുകയും അതിൽ തൃപ്തിയടയുകയും അതിന്ന് കീഴൊതുങ്ങുകയും ചെയ്യുക. നിരാശ, കോപം മുതലായവയിൽ നിന്ന് നാവിനെയും ശരീരത്തെയും നിയന്ത്രിക്കുകയും തടഞ്ഞുവെക്കുകയും ചെയ്യുക.

**ജീവിതയാത്രയിലെ വിവിധങ്ങളായ ഘട്ടങ്ങളിൽ ക്ഷമിക്കുന്നവനായിരിക്കണം ഒരു വിശ്വാസി. എല്ലാം അല്ലാഹുവിങ്കൽ നിന്നാണെന്ന് മനസ്സിലാക്കുകയും അതിൽ തൃപ്തിയടയുകയും അതിന്ന് കീഴൊതുങ്ങുകയും ചെയ്യുക. നിരാശ, കോപം മുതലായവയിൽ നിന്ന് നാവിനെയും ശരീരത്തെയും നിയന്ത്രിക്കുകയും തടഞ്ഞുവെക്കുകയും ചെയ്യുക.**

വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ് ക്ഷമ എന്നത്. ഈമാൻ കാര്യങ്ങളിൽ ഒന്നാണല്ലോ വിധിയിലുള്ള വിശ്വാസം. ആ വിശ്വാസത്തിന്റെ സദ്ഫലമാണ് പ്രയാസഘട്ടങ്ങളിൽ ക്ഷമിക്കാൻ കഴിയുക എന്നത്. ഒരു വ്യക്തി ഇത്തരം മേഖലകളിൽ ക്ഷമിക്കുന്നില്ല എങ്കിൽ വിധിയിലുള്ള വിശ്വാസമില്ലായ്മയോ അല്ലെങ്കിൽ വിശ്വാസ ദൗർബല്യമോ ആണ് അത് സൂചിപ്പിക്കുന്നത്.

ഉമർ(റ) പറയുന്നു: 'ക്ഷമകൊണ്ടാണ് ഞങ്ങളുടെ ജീവിതത്തിന്റെ നന്മ ഞങ്ങൾ കണ്ടത്' (ബുഖാരി).

പ്രബോധന രംഗത്തുണ്ടാകുന്ന പ്രയാസങ്ങൾക്കും എതിർപ്പുകൾക്കും മുമ്പിലും വളരെയധികം ക്ഷമ ആവശ്യമാണ്. അടുത്ത കാലത്തായി മരണപ്പെട്ടുപോയ കേരളക്കരയിലെ സലഫി പണ്ഡിതന്മാരെക്കുറിച്ച് ചിന്തിച്ചുനോക്കുക. അവരെക്കുറിച്ച് അഭിമാനത്തോടെ നാം ഓർക്കുന്നു. അവരുടെ പ്രബോധനത്തിന്റെ ഫലമായി അല്ലാഹുവിന്റെ തീരുമാനപ്രകാരം സത്യത്തിന്റെ പാതയിലണഞ്ഞവരിൽ പലരും മുമ്പ് അവരെ കല്ലെടുത്തെറിയാൻ മുന്നിൽ നിന്നവരാണ്. മർദനങ്ങളും പരിഹാസങ്ങളും ഏറ്റുവാങ്ങേണ്ടിവന്നിട്ടും തങ്ങളുടെ ദൗത്യം നിർവഹിച്ച് മുന്നേറിയവരാണവർ.

"യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല നീരിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക"(ക്വുർആൻ 16:125).

നന്മ കൽപിക്കുന്നതിലും തിന്മ വിരോധിക്കുന്നതിലും സഹനം ആവശ്യമാണ്. അത് ആരോടാണെങ്കിലും ഉപയോഗിക്കുന്ന ഭാഷ മാന്യവും ശൈലി ഗുണകാംക്ഷാനിർഭരവും ആയിരിക്കണം. ലുക്വ്മാൻ(അ) തന്റെ മകനെ ഉപദേശിക്കുന്ന ശൈലി കാണുക:

"എന്റെ കുഞ്ഞു മകനേ, നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്" (ക്വുർആൻ 31:17).

ക്ഷമിക്കുന്നവർക്കേ ജീവിതവിജയം നേടാൻ കഴിയൂ എന്ന് തിരിച്ചറിയുക. ●

ഫൈസൽ മൗലവി പുതുപ്പറമ്പ്
mail@nerpatham.com

ലേഖനം



# കെ.കെ. സകരിയ്യ സ്വലാഹി: അറിവിനെ സ്നേഹിച്ച പണ്ഡിതൻ

**തൗ**ഹീദീ ആദർശം മനസ്സിലാക്കിയ ആദ്യനാളുകൾ മുതൽ ഞാനടക്കം പലർക്കും കേട്ട് പരിചയമുള്ള നാമമാണ് കെ.കെ.സകരിയ്യ സ്വലാഹി എന്നത്. അടുത്തിടപഴകുന്ന ഏതൊരാൾക്കും ധാരാളമുണ്ട് അദ്ദേഹത്തെക്കുറിച്ച് പറയാൻ. ഇക്കഴിഞ്ഞ ജൂലൈ 14, ഞായറാഴ്ച ഉച്ചയോടെ അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞിരിക്കുന്നു. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. അല്ലാഹു അദ്ദേഹത്തിന് പാപമോചനവും കാരുണ്യവും പ്രദാനം ചെയ്യട്ടെ, ആമീൻ!

എന്നാണ് സ്വലാഹിയെ ആദ്യമായി പരിചയപ്പെട്ടത് എന്ന് ഓർത്തെടുക്കാൻ കുറേ ശ്രമിച്ചു. പക്ഷേ, സാധിക്കുന്നില്ല. 2000ൽ ആണ് ഞാൻ തൗഹീദി പ്രസ്ഥാനത്തിന്റെ സഹയാത്രികനാകുന്നത്. ആ ആദ്യ കാലഘട്ടങ്ങളിൽ തന്നെ അദ്ദേഹത്തെ പരിചയപ്പെടാൻ സാധിച്ചിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരള ജംഇയ്യത്തുൽ ഉലമയുടെ നേതൃത്തിൽ പുളിക്കൽ ജാമിഅ സലഫിയ്യയിൽ സംഘടിപ്പിച്ചിരുന്ന മാസാന്ത വൈജ്ഞാനിക ദൗറകളിൽ കൂടിയാണ് അദ്ദേഹവുമായി വ്യക്തിബന്ധം സ്ഥാപിക്കാനായത്. പിന്നീട് 2004ലെ പ്രസിദ്ധമായ മണ്ണാർക്കാട് സംവാദവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങളുടെ ഭാഗമായി അദ്ദേഹവുമായി കൂടുതൽ അടുക്കാൻ സാധിച്ചു. ആ ബന്ധം അവസാനം വരെ നിലനിർത്താൻ ശ്രമിച്ചിട്ടുമുണ്ട്. അൽഹംദുലില്ലാഹ്!

### ആദർശ ധീരനായ പ്രബോധനകൻ

സ്വലാഹിയെക്കുറിച്ച് ഓർക്കുമ്പോൾ ഏതൊരാൾക്കും ഒന്നാമതായി പറയാനുണ്ടാകുക അദ്ദേഹത്തിന്റെ ആദർശ പ്രബോധന രംഗത്തെ ധീരമായ ഇടപെടൽ തന്നെയായിരിക്കും. എത്ര വലിയ എതിരാളിയുടെ മുമ്പിലും ഒരൽപം പോലും പതറാതെ ധീരമായി ഉറച്ചുനിൽക്കുകയും തനിക്ക് ബോധ്യപ്പെട്ട കാര്യം ഒരാളുടെയും മുഖം നോക്കാതെ വെട്ടിത്തുറന്ന് പറയുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു. എത്ര വലിയ എതിർപ്പുള്ള പ്രദേശങ്ങളിലും നിസ്സങ്കോചം നിന്ന് പ്രഭാഷണം നടത്താൻ അദ്ദേഹം കാണിച്ച ധീരത പ്രത്യേകം പ്രസ്താവ്യമാണ്. പല വേദികളും കയ്യേറ്റം ചെയ്യപ്പെടുകയും പലപ്പോഴും ശാരീരിക മർദനങ്ങൾക്ക് ഇരയാകേണ്ടി വരികയും ചെയ്തു. അല്ലാഹു എല്ലാം സ്വീകരിക്കുകയും പരിപൂർണമായ പ്രതിഫലം നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ.

### വിനയാന്വിതനായ വിദ്യാർഥി

അറിവിനോടും അറിവുള്ളവരോടും അറിവ് അന്വേഷിക്കുന്നവരോടും അദ്ദേഹത്തിന് വലിയ സ്നേഹമായിരുന്നു. ധാരാളമായി അദ്ദേഹം വായിക്കുമായിരുന്നു. മാത്രമല്ല, വായിക്കുന്നത് പലപ്പോഴും കൃത്യമായി നോട്ട് ചെയ്ത് വെക്കുകയും ചെയ്യും. ആദ്യകാലം മുതൽ അദ്ദേഹം രേഖപ്പെടുത്തിവെച്ച ഡയറികൾ വിഷയ ക്രമത്തിൽ തരംതിരിച്ച് രേഖപ്പെടുത്തിയ നോട്ടുകൾ പലപ്പോഴും അസൂയയോടെ നോക്കി നിന്നിട്ടുണ്ട്. എന്ന് സംഗമിക്കുമ്പോഴും വായിക്കാനും എഴുതാനും അദ്ദേഹം പ്രോത്സാഹിപ്പിക്കുമായിരുന്നു. എത്ര ചെറിയവരോടും സംശയം ചോദിക്കാൻ അദ്ദേഹം വൈമനസ്യം കാണിച്ചിരുന്നില്ല. വായിച്ചുകൊടുക്കാൻ കഴിയുന്ന ആരുടെ മുന്നിലും വിനയാന്വിതനായ വിദ്യാർഥിയെപ്പോലെ ഇരുന്ന് വായിച്ച് പഠിക്കാൻ അദ്ദേഹം കാണിച്ചിരുന്ന താൽപര്യം മാതൃകാപരം തന്നെയാണ്. തുറക്കൽ അബ്ദുൽ ജബ്ബാർ മൗലവിയുടെ വീട്ടിലും ജാമിഅ സലഫിയ്യയിലും വേങ്ങര മനാറുൽ ഹുദയിലും സ്വലാഹിയുടെ വീട്ടിൽ തന്നെ ഒരുക്കിയ ഖിദ്മത്തുസ്സുന്ന ലൈബ്രറിയിലുമൊക്കെയായി അബ്ദുൽ ജബ്ബാർ മൗലവിയുടെ അറിവിൻ സാഗരത്തിൽ നിന്ന് സ്വലാഹിയോടൊപ്പം അറിവ് നുകരാൻ പലപ്പോഴും അവസരം കിട്ടിയിട്ടുണ്ട്. സ്വലാഹിക്ക് ഏറ്റവും പ്രിയപ്പെട്ട ഗുരുനാഥൻ അബ്ദുൽ ജബ്ബാർ മൗലവി തന്നെയായിരുന്നു. അല്ലാഹു രണ്ട് പേർക്കും മഗ്ഫിറത്ത് പ്രദാനം ചെയ്യട്ടെ. ആമീൻ!

സംവാദങ്ങളും ഖണ്ഡനങ്ങളുമെല്ലാം ഉണ്ടാകുമ്പോൾ അബ്ദുൽ ജബ്ബാർ മൗലവിയോടൊപ്പം ഞങ്ങൾ ഒന്നിച്ച് ദിവസങ്ങൾ കഴിച്ചുകൂട്ടാറുണ്ട്. ഓരോ വിഷയവും എങ്ങനെ കൈകാര്യം ചെയ്യണമെന്നും ആ രംഗത്ത് ആദർശ എതിരാളികളുടെ ആയുധം ഏതൊക്കെയാണെന്നും അവയെ ചെറുക്കേണ്ടത് എങ്ങനെയെന്നും മൗലവി പകർന്നുതന്നിരുന്ന അറിവുകൾ തന്നെയാണ് ഇന്നും ഈ രംഗത്ത് ഞങ്ങൾക്കെല്ലാം കൈമുതൽ ആയിട്ടുള്ളത്.

### വിനയാന്വിതൻ

വിനയം എന്നത് ഒരു പണ്ഡിതന്റെ നിലവാരം ഉയർത്തുന്ന മുഖ്യഘടകമാണ്. സ്വലാഹിയിൽ അത് വേണ്ടുവോളം ഉണ്ടായിരുന്നു. വലിപ്പ ചെറുപ്പം ഇല്ലാതെ ആരുമായും അദ്ദേഹം അടുത്ത് ഇടപഴകും. അസൗകര്യങ്ങൾ വകവെക്കാതെ ഏത് വീട്ടിലും അന്തിയുറങ്ങും. ഏത് തരം വാഹനത്തിലും യാത്ര ചെയ്യും. മരണ കാരണമായ അപകടം സംഭവിച്ചത് അദ്ദേഹം തന്നെ ഓടിച്ചിരുന്ന ഇരുചക്ര വാഹനത്തിനായിരുന്നു എന്നത് തന്നെ ആ വിനയത്തിന്റെ തെളിവാണല്ലോ. ഏത് സാധാരണക്കാരന്റെ ബൈക്കിന്റെ പിറകിലുമിരുന്ന് അദ്ദേഹം യാത്ര ചെയ്യുമായിരുന്നു. ഭക്ഷണത്തിന്റെ വിഷയത്തിലും പിടിവാശിയുണ്ടായിരുന്നില്ല.

താനുമായി ബന്ധമുള്ള ഏതൊരാളുടെയും ക്ഷേമകാര്യങ്ങൾ അറിയാൻ ശ്രമിക്കുകയും ചെയ്യാൻ കഴിയുന്ന പരമാവധി സഹായങ്ങൾ ഏതെങ്കിലും മാർഗത്തിൽ കണ്ടെത്തി ലഭ്യമാക്കുകയും ചെയ്യുന്നതിൽ അദ്ദേഹം പ്രത്യേകം താൽപര്യം കാണിച്ചിരുന്നു. വീടില്ലാത്തവന് വീട്, ജോലിയില്ലാത്തവന് ജോലി, വിവാഹം തുടങ്ങി എല്ലാ രംഗത്തും അദ്ദഹത്തിന്റേതായ ഇടപെടൽ ലഭിച്ചവർ ധാരാളമാണ്. പല പള്ളികൾക്കും അദ്ദേഹം സ്പോൺസർമാരെ കണ്ടെത്തുകയും അദ്ദേഹത്തിന്റെ കൂടി ശ്രമഫലമായി ധാരാളം പള്ളികൾ പടുത്തുയർത്തപ്പെടുകയും ചെയ്തിട്ടുണ്ട്. എല്ലാം അല്ലാഹു സ്വീകരിക്കട്ടെ.

പ്രഭാഷണങ്ങളിലോ നയനിലപാടുകളിലോ വല്ല അബദ്ധവും ശ്രദ്ധയിൽ പെട്ടാൽ വളരെ ഗുണകാംക്ഷയോടെ അദ്ദേഹം അത് തിരുത്തിത്തരുമായിരുന്നു. ആ വിഷയം ഈ ഗ്രന്ഥത്തിൽ ചർച്ചചെയ്യുന്നുണ്ടെന്നും അതിന്റെ വാള്യവും പേജുമെല്ലാം ഇത്രയാണെന്നും പറഞ്ഞുതന്ന് വായിക്കാൻ പ്രേരിപ്പിക്കുമായിരുന്നു. വല്ലവരുടെയും ഭാഗത്ത് കാണുന്ന തെറ്റുകൾ ചൂണ്ടിക്കാണി

ക്കുക മാത്രമല്ല അതിന് വൈജ്ഞാനികമായ വിശദീകരണം നൽകുകയും ചെയ്യുമായിരുന്നു.

ഹദീഥ് വിജ്ഞാനീയങ്ങളോട് പ്രത്യേക താൽപര്യം അദ്ദേഹത്തിനുണ്ടായിരുന്നു. ആ താൽപര്യമായിരുന്നു തന്റെ പി.എച്ച്.ഡി ഗവേഷണ വിഷയമായി 'ശൈഖ് നാസിറുദ്ദീൻ അൽബാനിയുടെ സേവനങ്ങൾ' അദ്ദേഹം തെരഞ്ഞെടുത്തത്. ദുർബലങ്ങളും നിർമിതങ്ങളുമായ ഹദീഥുകൾ നബിﷺയിലേക്ക് ചേർത്തിപ്പറയുന്നത് കേട്ടാൽ ഉടൻ അതിൽ പണ്ഡിതോചിതമായി ഇടപെടുകയും കാര്യകാരണ സഹിതം അതിന്റെ അസ്വീകാര്യത ബോധ്യപ്പെടുത്തുകയും ചെയ്യുമായിരുന്നു. അറിഞ്ഞോ അറിയാതെയോ സമൂഹത്തിൽ പ്രചരിക്കുന്ന അന്ധവിശ്വാസ, അനാചാരങ്ങൾക്കെതിരെ സമയാസമയങ്ങളിൽ മുഖം നോക്കാതെ അദ്ദേഹം പ്രതികരിക്കുമായിരുന്നു. സ്ഥിരപ്പെട്ട സുന്നത്തുകൾ പരിഹസിക്കപ്പെടുന്നതും ജീവിതത്തിൽ പാലിക്കപ്പെടാതിരിക്കുന്നതും വലിയ ഗൗരവത്തിൽ അദ്ദേഹം ശ്രദ്ധയിൽപെടുത്തുമായിരുന്നു. താടി വടിക്കൽ, പുരുഷന്മാർ നെരിയാണിക്ക് താഴെയിറക്കി വസ്ത്രം ധരിക്കൽ തുടങ്ങിയ വിഷയങ്ങളെ അദ്ദേഹം അതീവ ഗൗരവത്തോടെ എപ്പോഴും ശ്രദ്ധയിൽ പെടുത്തുമായിരുന്നു.

മുജാഹിദുകളിൽ ചിലർ സുന്നത്തുകൾക്കെതിരായി പ്രവർത്തിക്കുന്നതും ചില തിന്മകളെ നിസ്സാരവൽകരിക്കുന്നതും ശ്രദ്ധയിൽ പെട്ടപ്പോൾ 'മുജാഹിദുകളോട് ഗൗരവ പൂർവം,' 'മുജാഹിദുകളോട് സ്നേഹപൂർവം' എന്നീ വിഷയങ്ങളിൽ അദ്ദേഹം പ്രത്യേകം പ്രഭാഷണം സംഘടിപ്പിച്ചു.

2002ൽ മുജാഹിദ് പ്രസ്ഥാനത്തിൽ ഹദീഥ് നിഷേധ പ്രവണതയെ ഔദ്യോഗിക പരിവേഷം നൽകി ചിലർ പ്രചരിപ്പിക്കാൻ ശ്രമിച്ചപ്പോൾ മറ്റൊന്നും ആലോചിക്കാതെ സന്ദർഭോചിതം ഇടപെടുകയും സ്റ്റേജിലും പേജിലും ശക്തമായി അതിനെതിരെ അടുക്കുകയും ചെയ്തു. ഹദീഥ് നിഷേധികൾ ദുരുദ്ദേശപരമായി എടുത്തിട്ട ജിന്ന്, സിഹ്റ്, കണ്ണേറ് വിഷയങ്ങൾ അടക്കമുള്ള മേഖലകളിൽ പ്രാമാണിക നിലപാട് മുജാഹിദുകളെ പഠിപ്പിക്കുന്നതിൽ നേതൃപരമായ പങ്കുവഹിച്ചത് അദ്ദേഹം തന്നെയായിരുന്നു.

ഇത്തരം ചർച്ചകളെ യാഥാസ്ഥിതികർ മുതലെടുക്കാൻ ശ്രമിക്കുകയും അതിനായി അമ്പലക്കടവ് ഫൈസിയെപ്പോലുള്ളവർ തങ്ങളുടെ തൂലികയെ ദുരുപയോഗം ചെയ്യുകയുമുണ്ടായ സാഹചര്യത്തിൽ അതിന്നെതിരെയും ശക്തമായ ഭാഷയിൽ അദ്ദേഹം ഖണ്ഡനങ്ങൾ എഴുതി. ശരിയായ സലഫിയ്യത്തിനെ ഗൾഫ് സലഫിസം എന്നു പറഞ്ഞ് വിമർശിച്ച് തള്ളാൻ ശ്രമിച്ചുകൊണ്ട് ഒരു സുല്ലമി പുസ്തകം എഴുതിയപ്പോൾ അതിന് അക്കമിട്ട് മറുപടി പറഞ്ഞുകൊണ്ട് അദ്ദേഹം ഗ്രന്ഥരചന നടത്തി. അങ്ങനെ ആ വിവാദങ്ങൾ കെട്ടടങ്ങുകയും പ്രബോധന മേഖലയിൽ കെ.എൻ.എമ്മിന്റെയും കെ.ജെ.യുവിന്റെയും നേതൃത്വത്തിൽ അതിശക്തമായ പ്രവർത്തനങ്ങളുമായി മുജാഹിദുകൾ മുന്നേറുകയും ചെയ്തു.

എന്നാൽ ഇതൊന്നും ദഹിക്കാത്ത ചിലർ പ്രസ്ഥാനത്തിൽ 2007 മുതൽ ഇതേ വിഷയങ്ങൾ വീണ്ടും ദുരുദ്ദേശപരമായി വിവാദമാക്കിയപ്പോഴും അതിനെയും നേരിടാൻ അദ്ദേഹം രംഗത്തിറങ്ങി.

അഹ്ലുസ്സുന്നയുടെ ആദ്യകാല നേതാക്കളുടെയും മുജാഹിദ് പ്രസ്ഥാനത്തിന്റെ കഴിഞ്ഞകാല പണ്ഡിതരുടെയുമെല്ലാം ഉദ്ധരണികൾ വെച്ചുകൊണ്ട് വ്യത്യസ്തങ്ങളായ പ്രബന്ധങ്ങളും കൊച്ചുകൃതികളും അദ്ദേഹം തയ്യാറാക്കി. അവസാനം തൽപര കക്ഷികളുടെ താൽപര്യാർഥം 2012ൽ പ്രസ്ഥാനം വീണ്ടും ഒരു പിളർപ്പിന് കൂടി സാക്ഷ്യം വഹിച്ചപ്പോൾ വളരെ വേദനയോടെ കെ.എൻ.എം സംഘടനാ സംവിധാനങ്ങളിൽ നിന്ന് അദ്ദേഹം പുറത്ത് പോവുകയും ദഅ്‌വാ സമിതി എന്ന പേരിൽ താൽക്കാലിക കൂട്ടായ്മയുണ്ടാക്കാൻ നേതൃപരമായ പങ്ക് വഹിക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ അതിന്റെ സംസ്ഥാന ചെയർമാൻ സ്വലാഹി തന്നെയായിരുന്നു. ദഅ്‌വാ സമിതിയുടെ നേതൃത്വത്തിൽ ശക്തമായ പ്രബോധന പ്രവർത്തനങ്ങൾ കേരളത്തിൽ വ്യാപകമായി സംഘടിപ്പിക്കപ്പെടുകയും ചെയ്തു. ജിന്ന്, സിഹ്റ്, റുക്‌യ ശറഇയ്യ, സലഫി മൻഹജ് തുടങ്ങിയ വിഷയങ്ങളിൽ പ്രാമാ

**എത്ര വലിയ എതിരാളിയുടെ മുമ്പിലും ഒരൽപം പോലും പതറാതെ ധീരമായി ഉറച്ചുനിൽക്കുകയും തനിക്ക് ബോധ്യപ്പെട്ട കാര്യം ഒരാളുടെയും മുഖം നോക്കാതെ വെട്ടിത്തുറന്ന് പറയുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു. എത്ര വലിയ എതിർപ്പുള്ള പ്രദേശങ്ങളിലും നിസ്സങ്കോചം നിന്ന് പ്രഭാഷണം നടത്താൻ അദ്ദേഹം കാണിച്ച ധീരത പ്രത്യേകം പ്രസ്താവ്യമാണ്. പല വേദികളും കയ്യേറ്റം ചെയ്യപ്പെടുകയും പലപ്പോഴും ശാരീരിക മർദനങ്ങൾക്ക് ഇരയാകേണ്ടി വരികയും ചെയ്തു.**

**സംവാദങ്ങളും ഖണ്ഡനങ്ങളുമെല്ലാം ഉണ്ടാകുമ്പോൾ അബ്ദുൽ ജബ്ബാർ മൗലവിയോടൊപ്പം ഞങ്ങൾ ഒന്നിച്ച് ദിവസങ്ങൾ കഴിച്ചുകൂട്ടാറുണ്ട്. ഓരോ വിഷയവും എങ്ങനെ കൈകാര്യം ചെയ്യണമെന്നും ആ രംഗത്ത് ആദർശ എതിരാളികളുടെ ആയുധം ഏതൊക്കെയാണെന്നും അവയെ ചെറുക്കേണ്ടത് എങ്ങനെയെന്നും മൗലവി പകർന്നുതന്നിരുന്ന അറിവുകൾ തന്നെയാണ് ഇന്നും ഈ രംഗത്ത് ഞങ്ങൾക്കെല്ലാം കൈമുതൽ ആയിട്ടുള്ളത്.**

ണിക കാഴ്ചപ്പാട് സമൂഹത്തെ പഠിപ്പിക്കുകയും അതിന് വലിയ സ്വാധീനമുണ്ടാകുകയും ചെയ്തു.

ജാമിഅ അൽഹിന്ദിന്റെ ആദ്യകാല പ്രവർത്തനത്തിലും സ്വലാഹി സജീവ സാന്നിധ്യമായിരുന്നു. 2013 അവസാനത്തോടെ പരമ്പരാഗത സംഘടനാ സംവിധാനത്തോട് അദ്ദേഹം വിമുഖത പ്രകടിപ്പിക്കുകയും തന്റെ കാഴ്ചപ്പാട് ഔദ്യോഗിക വേദികളിൽ അദ്ദേഹം പങ്കുവെക്കുകയും ചെയ്തു. എന്നാൽ പൊതു അഭിപ്രായം മറിച്ചായിരുന്നതിനാൽ അദ്ദേഹം തന്റെ വിയോജിപ്പ് രേഖപ്പെടുത്തി സംഘടനാ സംവിധാനങ്ങളിൽ നിന്ന് മാറിനിന്നു. പിന്നീട് ചില മസ്അലകളിൽ സംഘടനയുമായി അദ്ദേഹത്തിന് വിയോജിപ്പുകണ്ടാകുകയും അത് കഴിഞ്ഞ ഏതാനും വർഷങ്ങളിൽ മാനസികമായ അകൽച്ചയുണ്ടാകാൻ നിമിത്തമാകുകയും ചെയ്തു.

വർഷങ്ങളായി നിലനിന്ന ആഴമേറിയ ബന്ധങ്ങളിൽ ചില വിള്ളലുകൾ ഇത് മൂലം ഉണ്ടായത് സ്വാഭാവികമാണ്. ആദ്യഘട്ടത്തിൽ പരസ്യമായ ചില വിമർശനങ്ങൾ പരസ്പരം ഉന്നയിക്കാൻ ചിലർക്കെങ്കിലും അത് നിമിത്തമായെങ്കിലും അധികം വൈകാതെ അവയിലെ മതപരമായ നിലപാടുകൾ മനസ്സിലാക്കി ആ നിലപാട് സ്വീകരിക്കാൻ എല്ലാവരും തയ്യാറായതോടെ പരസ്പരമുണ്ടായ അകൽച്ച വർധിക്കാതിരിക്കാൻ സാധിച്ചു.

കഴിഞ്ഞ ഒരു വർഷത്തിനിടെ ബോധപൂർവവും യാദൃച്ഛികവുമായ ചില കൂടിക്കാഴ്ചകൾക്ക് അവസരം കിട്ടിയതോടെ നഷ്ടപ്പെടുമായിരുന്ന ബന്ധം പുനഃസ്ഥാപിക്കാൻ സാധിച്ചു. അൽഹംദുലില്ലാഹ്. ശേഷം പലപ്പോഴായി പരസ്പരം ഫോണിലൂടെ ബന്ധപ്പെടാനും പല വിവരങ്ങളും കൈമാറാനും അവസരമുണ്ടായി. അബ്ദുൽ ജബ്ബാർ മൗലവിയുടെ വിയോഗ സമയത്താണ് ഞങ്ങൾ അവസാനമായി പരസ്പരം കണ്ടത്. വിശേഷങ്ങൾ എല്ലാം പങ്കുവെച്ചു. പിന്നീട് റമദാനിൽ ജാമിഅയുടെ കളക്ഷന് വേണ്ടി കടവത്തൂരിൽ ചെന്നപ്പോൾ ഫോൺ ചെയ്തുവെങ്കിലും ഉംറക്ക് വേണ്ടി പോയി എന്ന വിവരമാണ് മക്കളിൽ നിന്ന് ലഭിച്ചത്.

ശിർക്കിന്റെയും ബിദ്അത്തിന്റെയും പ്രചാരകരായ യാഥാസ്ഥിതിക പുരോഹിതർക്ക് എന്നും പേടി സ്വപ്നമായിരുന്നു സ്വലാഹി. ആ ഒരു അരിശം ചിലരുടെയെങ്കിലും സോഷ്യൽ മീഡിയ പോസ്റ്റുകളിലൂടെ അവർ പ്രകടിപ്പിച്ചതിൽ അതിശയമൊന്നുമില്ല. തൗഹീദിനോടും അതിന്റെ വക്താക്കളോടുമുള്ള അത്തരക്കാരുടെ വെറുപ്പിന്റെ ആഴം ഒന്നുകൂടെ വ്യക്തമാകാൻ അത് ഒരു നിമിത്തമായി എന്ന് മാത്രം. കേരളം മുഴുക്കെ ശിർകിന്റെ പ്രചാരണവുമായി ഇറങ്ങിത്തിരിച്ചിരുന്ന സഖാഫികളിലെ പ്രമുഖനെ കഴിഞ്ഞ ഒന്നര പതിറ്റാണ്ട് കാലമായി പുറം ലോകത്ത് സാന്നിധ്യമറിയിക്കാൻ പോലും ധൈര്യമില്ലാത്ത വിധം തളച്ചിട്ട ഒരു മഹാപണ്ഡിതന്റെ പെട്ടെന്നുള്ള മരണത്തിൽ അത്തരം ആളുകൾ സന്തോഷിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ.

**വാൽകഷ്ണം:**

ചില മരണവാർത്തകൾ നമ്മെ വല്ലാതെ പിടിച്ചുകുലുക്കാറുണ്ട്. പലവിധ ചിന്തകൾ മനോമുകുരത്തിൽ മാറി മാറിയാൻ അത് നിമിത്തമാകാറുണ്ട്. അത്തരം ചിതറിയ കുറെ ചിന്തകൾ പലരുടെയും മനസ്സിൽ കോറിയിട്ടുകൊണ്ടാണ് ജനാസ നമസ്കാരം കഴിഞ്ഞ് പലരും മടങ്ങിയത്.

ആദർശ വിയോജിപ്പുകൾ നിലനിൽക്കുമ്പോഴും വ്യക്തിബന്ധങ്ങൾ മുറിഞ്ഞുപോകാതെ സൂക്ഷിക്കാനും യോജിക്കാവുന്ന മേഖലകളിൽ അഹ്ലുസ്സുന്നയുടെ വക്താക്കൾ യോജിക്കാനും ഇനിയും നമ്മൾ വൈകിക്കൂടാ. നാം ഓരോരുത്തരും അവധിയെത്തി മരണത്തിന് കീഴടങ്ങുമ്പോൾ അത് വരെ മുഖം തിരിച്ച് നടന്നവർ ജനാസക്ക് ചുറ്റും വന്ന് കുനിഞ്ഞ മുഖവുമായി നിന്നത് കൊണ്ട് പ്രത്യേകിച്ചെന്ത് പ്രയോജനം?

'അഹ്ലുസ്സുന്നക്കാർ പരസ്പരം കരുണ കാണിക്കൂ' എന്ന അർഥം വരുന്ന 'രിഫ്ഖുൻ അഹ്ലുസ്സുന്ന ബി അഹ്ലിസ്സുന്ന' എന്ന ഗ്രന്ഥം ഒന്ന് വായിക്കാനെങ്കിലും നാം സമയം കണ്ടെത്തുക.

അല്ലാഹു സ്വലാഹിയുടെയും നമ്മുടെയും പാപങ്ങൾ പൊറുത്ത് തരികയും നന്മകൾക്ക് പൂർണാർഥത്തിൽ പ്രതിഫലം നൽകുകയും ചെയ്യട്ടെ. അദ്ദേഹത്തിന്റെ ബൾസഖീ ജീവിതം അല്ലാഹു പ്രകാശപൂരിതമാക്കി കൊടുക്കുമാറാകട്ടെ-ആമീൻ. ●

കവർ സ്റ്റോറി



നബീൽ പയ്യോളി
nabeelpayyoly@gmail.com

# മദ്യപിച്ച് നശിക്കുന്ന മനുഷ്യരും മദ്യംവിറ്റ് പണമുണ്ടാക്കുന്ന സർക്കാറും

**ലഹരിവസ്തുക്കൾ വരുത്തിവെക്കുന്ന സാമൂഹ്യവിപത്തിന്റെ വ്യാപ്തി അറിയാത്തവരല്ല പ്രബുദ്ധ കേരളക്കാർ. എന്നിട്ടും നമ്മുടെ നാട്ടിൽ കള്ള് വകുപ്പും ആ വകുപ്പിനൊരു മന്ത്രിയുമുണ്ട്. സ്വദേശ, വിദേശ മദ്യഷാപ്പുകളും നാടൻ കള്ളുഷാപ്പുകളും നമ്മുടെ സർക്കാരിന്റെ ആശിർവാദത്തോടെ ആളുകളെ ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുന്നു. മദ്യവിരുദ്ധ സമിതികളുടെ പ്രവർത്തകരുടെ സ്വരം ഭരണകൂടത്തിന്റെ ബധിരകർണങ്ങളിൽ പതിക്കാറില്ല. സമ്പൂർണ മദ്യനിരോധനം അസാധ്യമാണോ?**

ക്രിക്കറ്റിന്റെ ജന്മനാടായ ഇംഗ്ലണ്ടിൽ വെച്ച് സ്വന്തം നാട് ലോക കിരീടം നേടുന്ന അവസരത്തിൽ അവർ നടത്തിയ ആഹ്ലാദ പ്രകടനം രസകരമായ ചില ദൃശ്യങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ആഹ്ലാദപ്രകടനം പുരോഗമിക്കുന്നതിനിടെ പതിവ് രീതിയിൽ പൊട്ടിക്കാനായി ഷാംപെയ്ൻ ബോട്ടിൽ കൊണ്ടുവന്നു. ഉടൻ താടിവെച്ച രണ്ട് കളിക്കാർ അതിൽ നിന്ന് ഇറങ്ങിപ്പോയി. ഇംഗ്ലണ്ട് ക്രിക്കറ്റ് ടീമിലെ ലെഗ് സ്പിന്നർ ആദിൽ റാഷിദും ഓൾ റൗണ്ടർ മൊയീൻ അലിയുമായിരുന്നു അത്. ലോകം അമ്പരപ്പോടെ വീക്ഷിച്ച ഈ വീഡിയോ പിന്നീട് ഏറെ ചർച്ചയായി. ഇരുവരുടെയും മതവിശ്വാസമാണ് അത്തരം ഒരു നീക്കത്തിന് അവരെ പ്രേരിപ്പിച്ചത് എന്നതായിരുന്നു ചർച്ചയുടെ കാതൽ.

മദ്യക്കമ്പനിയായ കാസ്റ്റിലിന്റെ ലോഗോ വെക്കാൻ വിസമ്മതിക്കുന്നതിനാൽ ഓരോ കളിയിലും മാച്ച്ഫീയുടെ 50% പിഴയൊടുക്കുന്ന ഹാഷിം അംലയും ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ മാൻ ഓഫ് ദി മാച്ച് പുരസ്കാരമായി ലഭിച്ച മദ്യക്കുപ്പി 'ഞാൻ മുസ്‌ലിമാണ്, ഞാനിത്

കുടിക്കില്ല' എന്നുപറഞ്ഞ് തിരസ്കരിച്ച ടൂറെയുടെ ആർജവവും അതിനെ പിന്തുടരുന്ന മുസ്‌ലിം ക്രിക്കറ്റ് പ്ലെയേഴ്സിന്റെ നിലപാടുമെല്ലാം മീഡിയയുടെ ശ്രദ്ധ കവർന്ന സംഭവങ്ങളാണ്.

ആസ്വാദനത്തിന്റെ അനന്ത സാധ്യതകൾ തേടിയുള്ള യാത്രയിലാണ് പുതുതലമുറ. യാന്ത്രിക ജീവിതത്തിനിടയിൽ 'എല്ലാം മറക്കാനും റിലാക്സ് ലഭിക്കാനും' വേണ്ടിയാണത്രെ പലരും ലഹരി ഉപയോഗിക്കുന്നത്. ചെറിയ ലഹരിയുണ്ടാക്കുന്നവയിൽ നിന്ന് തുടങ്ങി അതിവേഗം ജീവനു തന്നെ ഹാനികരമായ ലഹരി പദാർഥങ്ങളിലേക്ക് ഇത്തരം ആളുകൾ അറിഞ്ഞോ അറിയാതെയോ നടന്ന് നീങ്ങുന്നു. കേവലം സൗഹൃദ ഒത്തുചേരലുകളിൽ രുചിച്ച് തുടങ്ങി പിന്നീട് അത് ജീവിതത്തിന്റെ ഭാഗമായി മാറുന്നു എന്നതാണ് പൊതുവെ കണ്ടുവരുന്നത്.

ലഹരി ഉപയോഗിക്കുന്ന സ്വഭാവത്തെ മോശമായി കാണുന്ന സംസ്കാരം പതിയെ ഇല്ലാതായിക്കൊണ്ടിരിക്കുകയാണിന്ന്. സിഗരറ്റോ ബീഡിയോ വലിക്കുന്നത് മുതിർന്നവർ അറിഞ്ഞാൽ അത് അഭിമാനക്ഷതമുണ്ടാക്കുന്ന കാര്യമായി കാണുന്ന ഒരു ഇന്നലെ നമുക്കുണ്ടായിരുന്നു. ഇന്ന് എല്ലാവരെയും കാണിച്ച് 'പുകവിടുന്നത്' അഭിമാനമായി കാണുന്നു പുതുതലമുറ!

ജനനം, മരണം, വിവാഹം, സൽക്കാരം, പുതിയ ജോലി, വീടുപണി, ഗൃഹപ്രവേശനം, തെരഞ്ഞെടുപ്പ് ജയപരാജയങ്ങൾ, സ്ഥാപനങ്ങളുടെ ഉദ്ഘാടനം, യാത്രയയപ്പ്, മതാഘോഷ വേളകൾ തുടങ്ങി സന്തോഷ, സന്താപ വേളകളിലെല്ലാം മദ്യം വേണമെന്ന രീതിയിലേക്ക് കാര്യങ്ങൾ മാറിയിരിക്കുന്നു. ആഘോഷ വേളകളിൽ ഒരു ഹരത്തിന് കുടുംബത്തോടൊപ്പം മദ്യപിക്കുന്ന രീതിയും നമ്മുടെ നാട്ടിൽ ആരംഭിച്ചിട്ടുണ്ട്.

ഇന്ന് ലോകത്ത് വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ലഹരിവസ്തുവാണ് മദ്യം. പല പേരുകളിലും രുചിഭേദങ്ങളിലും മിക്ക രാജ്യങ്ങളിലും അത് സുലഭമാണ്. എല്ലാ നിലയ്ക്കും അത് ദോഷകരമാണെങ്കിലും ഭരണകൂടങ്ങൾ അതിൽനിന്നുള്ള ഭീമമായ വരുമാനം മുടങ്ങുന്നത് ഇഷ്ടപ്പെടുന്നില്ല!

200ൽ അധികം രോഗങ്ങൾക്ക് കാരണമാകുന്ന ഘടകമാണ് മദ്യം. മാനസികവും പെരുമാറ്റപരവുമായ വൈകല്യങ്ങൾ, കരൾ സിറോസിസ് പോലുള്ള ചില സാംക്രമികേതര രോഗങ്ങൾ, ക്യാൻസറുകൾ, ഹൃദയ രോഗങ്ങൾ എന്നിവയ്ക്ക് മദ്യപാനം കാരണമാകുന്നു. അതുപോലെ തന്നെ അക്രമങ്ങൾക്കും റോഡപകടങ്ങൾക്കും ഒട്ടേറെ സാമൂഹ്യ പ്രശ്നങ്ങൾക്കും മദ്യം കാരണമാകുന്നു.

ലോകത്ത് പ്രതിവർഷം 3 ദശലക്ഷം മരണങ്ങളാണത്രെ മദ്യപാനത്തിന്റെ ഫലമായി സംഭവിക്കുന്നത്! മദ്യപാനം 20-39 വയസ്സിനിടയിൽ തന്നെ മരണത്തിനും വൈകല്യത്തിനും കാരണമാകുന്നു. മൊത്തം മരണങ്ങളിൽ ഏകദേശം 13.5% ത്തിലും മദ്യവും കാരണമാണ് എന്ന് ലോകാരോഗ്യ സംഘടനയുടെ പഠനം വ്യക്തമാക്കുന്നു. ആരോഗ്യപരമായ പ്രത്യാഘാതങ്ങൾക്കപ്പുറം, മദ്യത്തിന്റെ ഉപയോഗം സാമൂഹികവും സാമ്പത്തികവുമായ നഷ്ടവും വരുത്തുന്നു.

പുരുഷന്മാർക്കിടയിലെ മദ്യപാന മരണങ്ങളുടെ ശതമാനം ആഗോള മരണങ്ങളിൽ 7.7% വും സ്ത്രീകൾക്കിടയിലെ മരണങ്ങളിൽ 2.6% വും ആണ്. ലോകമെമ്പാടുമുള്ള പുരുഷ, സ്ത്രീ മദ്യപാനികൾക്കിടയിൽ 2010ൽ ഉണ്ടായിരുന്ന ആളോഹരി ഉപഭോഗം; പുരുഷന്മാരിൽ ശരാശരി 19.4 ലിറ്ററും സ്ത്രീകളിൽ 7.0 ലിറ്ററുമാണ്.



15 വയസ്സിനു മുകളിലുള്ളവരാണ് മദ്യപാനികളിൽ മഹാഭൂരിപക്ഷവും. ലോക ജനസംഖ്യയുടെ 57% വും മദ്യം ഉപയോഗിക്കുന്നവരാണ് എന്നാണ് 2016ലെ കണക്കുകൾ വ്യക്തമാക്കുന്നത്. അതായത് 3.113 ബില്യൺ. യൂറോപ്പ് (59.9%) അമേരിക്ക (54.1%), പടിഞ്ഞാറൻ പസഫിക് മേഖല (53.8%) എന്നീ പ്രദേശങ്ങളാണ് മദ്യ ഉപയോഗത്തിൽ മുൻപന്തിയിൽ.

15 വയസ്സിന് മുകളിലുള്ള ആളോഹരി ലിറ്ററിൽ ഏറ്റവും കൂടുതൽ മദ്യം കഴിക്കുന്ന 10 രാജ്യങ്ങൾ: മോൾഡോവ (17.4 ലിറ്റർ), ബെലാറസ് (17.1), ലിത്വാനിയ (16.2), റഷ്യ (14.5), ചെക്ക് റിപ്പബ്ലിക് (14.1), റൊമാനിയ (12.9), സെർബിയ (12.9), ഓസ്ട്രേലിയ (12.6), പോർച്ചുഗൽ (12.5), സ്ലൊവാക്യ(12.5).

15 വയസ്സിന് മുകളിലുള്ള ആളോഹരി ലിറ്ററിൽ ഏറ്റവും കുറഞ്ഞ മദ്യം കഴിക്കുന്ന 10 രാജ്യങ്ങൾ: ഈജിപ്ത് (0.3), നൈഗർ (0.3), ബംഗ്ലാദേശ് (0.2), കൊമോറോസ് (0.2), സൗദി അറേബ്യ (0.2), യെമൻ (0.2), കുവൈറ്റ് (0.1), മൗറിറ്റാനിയ (0.1), പാക്കിസ്ഥാൻ (0.1), ലിബിയ (0) എന്നിവയാണ്.

**മദ്യപാനം ഇന്ത്യയിൽ**

ഇന്ത്യയിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ വ്യാപ്തി പഠിക്കാൻ കേന്ദ്ര സാമൂഹ്യ നീതി, ശാക്തീകരണ മന്ത്രാലയം Ministry of Social Justice and Empowerment, Government of India ദേശീയ മയക്കുമരുന്ന് ആശ്രിത ചികിത്സാ കേന്ദ്രം (എൻ.ഡി.ഡി.ടി.സി), ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) ന്യൂഡൽഹി എന്നിവയുടെ സഹായത്തോടെ ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ 2019 ഫെബ്രുവരി മാസത്തിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലുള്ളത്. മദ്യമാണ് ഏറ്റവും സാധാരണമായ, ഇന്ത്യക്കാർ ഉപയോഗിക്കുന്ന ലഹരി പദാർഥം എന്നാണ്.

സർവേ സമയത്ത് രാജ്യത്തെ 186 ജില്ലകളിലായി 200111 വീടുകൾ സന്ദർശിക്കുകയും മൊത്തം 473569 വ്യക്തികളുമായി അഭിമുഖം നടത്തുകയും ചെയ്തു. ദേശീയമായി, ഏകദേശം ജനസംഖ്യയുടെ 14.6% (10 നും 75 നും ഇടയിൽ വയസ്സ്) മദ്യം ഉപയോഗിക്കുന്നു. സ്ത്രീകളെ അപേക്ഷിച്ച് (1.6%) പുരുഷന്മാരിൽ മദ്യ ഉപയോഗം വളരെ കൂടുതലാണ് (27.3%). ഓരോ സ്ത്രീക്കും 17 പുരുഷന്മാർ എന്ന തോതിൽ ആണ് മദ്യ ഉപയോഗം. ഛത്തീസ്ഗഡ്, ത്രിപുര, പഞ്ചാബ്, അരുണാചൽ പ്രദേശ്, ഗോവ എന്നീ സംസ്ഥാനങ്ങളാണ് മദ്യ ഉപയോഗത്തിൽ മുൻപന്തിയിൽ.



മദ്യപാനം കൂടുതലുള്ള സംസ്ഥാനങ്ങൾ: ഛത്തീസ്ഗഡ് (35.6%), ത്രിപുര (34.7%), പഞ്ചാബ് (28.5%) അരുണാചൽ പ്രദേശ് (28%), ഗോവ (28%). മദ്യം കഴിക്കുന്ന പുരുഷന്മാർ കൂടുതൽ ഉള്ളത്: ഉത്തർപ്രദേശ് (4.2 കോടി), പശ്ചിമ ബംഗാൾ (1.4 കോടി), മധ്യപ്രദേശ് (1.2 കോടി). മദ്യം ഉപയോഗിക്കുന്ന സ്ത്രീകൾ കൂടുതലുള്ളത് അരുണാചൽ പ്രദേശ് (15.6%), ഛത്തീസ്ഗ്ഡ് (13.7%) എന്നീ സംസ്ഥാനങ്ങളിലാണ്. അതുപോലെ, കുട്ടികൾക്കിടയിൽ ഉയർന്ന മദ്യപാനം (ദേശീയ ശരാശരിയെക്കാൾ മൂന്നിരട്ടിയിലധികം) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് പഞ്ചാബ് (6%), പശ്ചിമ ബംഗാൾ (3.9%), മഹാരാഷ്ട്ര (3.8%) എന്നീ സംസ്ഥാനങ്ങളിൽനിന്നാണ്. കേരളത്തിൽ 29.3 % ആളുകൾ മദ്യം ഉപയോഗിക്കുന്നു എന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

മദ്യപാനം മൂലം ഉണ്ടാകുന്ന കരൾ രോഗങ്ങൾ, ക്യാൻസർ, റോഡപകടങ്ങൾ എന്നിവ പ്രതിവർഷം 2.6 ലക്ഷം ഇന്ത്യക്കാർക്ക് ജീവൻ നഷ്ടമാവാൻ കാരണമാകുന്നു എന്ന് ലോകാരോഗ്യ സംഘടന പുറത്തിറക്കിയ സ്ഥിതിവിവരക്കണക്ക് വ്യക്തമാക്കുന്നു.

**മദ്യപാനം കേരളത്തിൽ**

തിരുവനന്തപുരം ആസ്ഥാനമായുള്ള സാമ്പത്തിക ഗവേഷണ കേന്ദ്രമായ സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് കേരളത്തിലെ 14 ജില്ലകളിലായി തിരഞ്ഞെടുക്കപ്പെട്ട 14577 വീടുകളിൽ നടത്തിയ കേരള മൈ

ഗ്രേഷൻ സർവേ പ്രകാരം കോട്ടയം ജില്ലയാണ് മദ്യ ഉപയോഗത്തിൽ (11.89) മുൻപന്തിയിൽ. ആലപ്പുഴ (9.16), പത്തനംതിട്ട (7.08), വയനാട് (6.84) തുടങ്ങിയ ജില്ലകൾ ആണ് ആദ്യ നാല് സ്ഥാനത്തുള്ളത്. ഏറ്റവും കുറവ് മദ്യപാനനിരക്ക് മലപ്പുറത്താണ് (1.6 ശതമാനം). കാസർകോടാണ് രണ്ടാംസ്ഥാനത്ത് (2.84).

കേരളത്തിൽ മദ്യോപഭോഗം ഏറ്റവും കൂടുതലുള്ള മതവിഭാഗം ക്രിസ്ത്യാനികളാണ് (6.86 ശതമാനം) എന്നും പഠനം പറയുന്നു. ഇവരിൽ 24.33 ശതമാനം അമിതമായി മദ്യപിക്കുന്നവരുമാണ്. രണ്ടാംസ്ഥാനം ഹിന്ദുക്കൾക്കുള്ളതാണ്. ഹിന്ദുക്കളിൽ 6.52 ശതമാനം വ്യക്തികൾ മദ്യപിക്കുന്നു. ഇവരിൽ 36.21 ശതമാനം അമിതമായി മദ്യപിക്കുന്നവരാണ്. മുസ്‌ലിംകളിൽ 0.99 ശതമാനം ആണ് മദ്യപാന നിരക്ക്

കേരളത്തിൽ മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കും എന്നത് കാലങ്ങളായി രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലൂടെ നൽകുന്ന ഒരു പ്രധാന വാഗ്ദാനമാണ്. പക്ഷേ, അത് നടപ്പിലാക്കുക എന്നത് ആരുടെയും അജണ്ടയിൽ ഇല്ലെന്നാണ് കഴിഞ്ഞ കാലങ്ങളിലെ അനുഭവങ്ങൾ വ്യക്തമാക്കുന്നത്.

ഉമ്മൻചാണ്ടി സർക്കാരിനെ പിടിച്ചുകുലുക്കിയ ബാർകോഴ വിവാദം കേരളത്തിൽ മദ്യനിരോധനത്തിന് സഹായകമാകും എന്ന് നല്ല മനസ്സുകൾക്ക് പ്രതീക്ഷയുണ്ടായിരുന്നു. അതിന് വിപരീതമായി പുതിയ സർക്കാർ ബാർ ലൈസൻസ് പുതുക്കി നൽകുകയും ദേശീയ പാതയോരത്ത് മദ്യശാലകൾ പാടില്ലെന്ന സുപ്രീം കോടതി വിധിയെ മറികടക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തി മദ്യവിപണിയെ കൂടുതൽ സജീവമാകുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്.

ഒരു ഭാഗത്ത് ഉദാര മദ്യനയം നടപ്പിലാക്കുകയും മറുഭാഗത്ത് മദ്യത്തിന്റെ പ്രത്യാഘാതം അനുഭവിക്കുന്നവർക്കായി പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക എന്ന വൈരുധ്യാധിഷ്ഠിത നിലപാടാണ് കാലങ്ങളായി സർക്കാരുകൾ പുലർത്തിപ്പോരുന്നത്.

**ആസ്വാദനത്തിന്റെ അനന്ത സാധ്യതകൾ തേടിയുള്ള യാത്രയിലാണ് പുതുതലമുറ. യാന്ത്രിക ജീവിതത്തിനിടയിൽ 'എല്ലാം മറക്കാനും റിലാക്സ് ലഭിക്കാനും' വേണ്ടിയാണത്രെ പലരും ലഹരി ഉപയോഗിക്കുന്നത്. ചെറിയ ലഹരിയുണ്ടാക്കുന്നവയിൽനിന്ന് തുടങ്ങി അതിവേഗം ജീവനു തന്നെ ഹാനികരമായ ലഹരി പദാർഥങ്ങളിലേക്ക് ഇത്തരം ആളുകൾ അറിഞ്ഞോ അറിയാതെയോ നടന്ന് നീങ്ങുന്നു. കേവലം സൗഹൃദ ഒത്തുചേരലുകളിൽ രുചിച്ച് തുടങ്ങി പിന്നീട് അത് ജീവിതത്തിന്റെ ഭാഗമായി മാറുന്നു എന്നതാണ് പൊതുവെ കണ്ടുവരുന്നത്.**

ഇത്തരമൊരു നിലപാട് എടുക്കാൻ പ്രധാനമായും സർക്കാരുകളെ പ്രേരിപ്പിക്കുന്നത് മദ്യവിപണിയിൽ നിന്ന് സർക്കാർ ഖജനാവിലേക്ക് ഒഴുകിയെത്തുന്ന കോടികളാണ്. കേരളത്തിലെ നികുതി, നികുതിയേതര വരുമാനത്തിന്റെ നല്ലൊരുപങ്കും മദ്യത്തെ ആശ്രയിച്ചിരിക്കുന്നു എന്നതാണ് യാഥാർഥ്യം. ബീവറേജ് ഔട്ട്‌ലെറ്റുകളിൽ വിൽക്കുന്ന മദ്യത്തിന്റെ യഥാർഥ വിലയും വിൽപന വിലയും തമ്മിലുള്ള അന്തരം ചെറുതല്ല. ഭീമമായ ലാഭം ലഭിക്കുന്ന ഒരു വ്യവസായം എന്ന നിലയിലാണ് സർക്കാരുകൾ മദ്യത്തെ കാണുന്നത്. നികുതി വരുമാനത്തിന്റെ 30 ശതമാനത്തിലധികം മദ്യവ്യവസായത്തെ ആശ്രയിച്ചിരിക്കുന്നു. കേരളത്തിലെ ടൂറിസം മേഖലയുടെ പുരോഗതിക്ക് മദ്യം അനിവാര്യമാണെന്നാണ് സർക്കാർ പറയുന്നത്. വലിയ സാമ്പത്തിക ലക്ഷ്യങ്ങളാണ് മദ്യനിരോധനത്തിന്റെ വഴിയെ സഞ്ചരിക്കുന്നതിൽ നിന്നും സർക്കാരുകളെ പിന്തിരിപ്പിക്കുന്നതെന്ന് വ്യക്തം. രാഷ്ട്രീയ പാർട്ടികളുടെ വലിയ സാമ്പത്തിക സ്രോതസ്സ് കൂടിയാണ് മദ്യവ്യവസായം എന്നതും ഒരു യാഥാർഥ്യമാണ്.

ലഹരിപാനീയങ്ങളുടെ വിപണനം നിയന്ത്രിക്കുക (പ്രത്യേകിച്ച് ചെറുപ്പക്കാർക്ക്), മദ്യത്തിന്റെ ലഭ്യത നിയന്ത്രിക്കുക, ഉചിതമായ ഡ്രിങ്ക് ഡ്രൈവിംഗ് നയങ്ങൾ നടപ്പിലാക്കുക, നികുതി-വിലനിർണയ സംവിധാനങ്ങളിലൂടെ ആവശ്യം കുറയ്ക്കുക, മദ്യത്തിന്റെ ഉപയോഗം മൂലമുണ്ടാകുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുക, ഫലപ്രദമായ മദ്യനയങ്ങൾക്ക് പിന്തുണ ഉറപ്പാക്കുക, മദ്യപാന വൈകല്യമുള്ളവർക്ക് ആക്സസ് ചെയ്യാവുന്നതും താങ്ങാനാവുന്നതുമായ ചികിത്സ നൽകുക തുടങ്ങിയ പല കാര്യങ്ങളും ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

മദ്യവിപണിയിൽ നിന്ന് ലഭിക്കുന്ന കോടികളിൽ കണ്ണും നട്ടിരിക്കുന്നവർ അതിന്റെ പ്രത്യാഘാതങ്ങളെ വിലകു

റച്ച് കാണുന്നു എന്നതാണ് യാഥാർഥ്യം. ആയിരങ്ങളുടെ ജീവനുകൾ റോഡിൽ പൊലിഞ്ഞാലും നൂറുകണക്കിന് സ്ത്രീകളെ വൈധവ്യത്തിലേക്കും കുരുന്നുകളെ അനാഥത്വത്തിലേക്കും തള്ളിവിട്ടാലും മദ്യപാനത്താലുണ്ടാകുന്ന മാരക രോഗങ്ങൾ ആയിരക്കണക്കിന് കുടുംബങ്ങളെ തകർച്ചയിലേക്കും ഒരുവേള ആത്മഹത്യയിലേക്ക് നയിച്ചാലും ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന എന്തെങ്കിലുമൊക്കെ ചെയ്യുന്ന രീതിയാണ് ഭരണകൂടങ്ങൾ പുലർത്തിപ്പോരുന്നത്.

മുകളിൽ സൂചിപ്പിച്ച കണക്കുകളിൽ മുസ്‌ലിം സമൂഹത്തിൽ മദ്യപാനത്തിന്റെ അളവ് വളരെ കുറവാണ് എന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതുണ്ട്.

ലോകം ഇരുണ്ടയുഗം എന്ന് വിശേഷിപ്പിച്ച, മദ്യലഹരിയിൽ ആറാടി ജീവിച്ചിരുന്ന, തികച്ചും അപരിഷ്‌കൃതരായ ആറാം നൂറ്റാണ്ടിലെ അറേബ്യൻ ജനതയെ സംസ്‌കാരത്തിന്റെ നെറുകയിലേക്കുയർത്തിയ കാരണങ്ങൾ എന്താണോ ആ കാരണങ്ങളാണ് മുസ്‌ലിംകളെ ഇന്നും മദ്യം പോലുള്ള മ്ലേഛതകളിൽനിന്നും അകറ്റി നിർത്തുന്നത് എന്ന കാര്യം ലോകം തിരിച്ചറിയേണ്ടതുണ്ട്.

താൻ മരണപ്പെട്ടാൽ തന്റെ മൃതശരീരം മുന്തിരിവള്ളിയുടെ ചുവട്ടിൽ മറമാടണം എന്ന് സ്വന്തക്കാരോട് വസ്വിയ്യത്ത് ചെയ്ത കവികൾ പോലും അന്ന് ജീവിച്ചിരുന്നു എന്നത് മദ്യത്തോടുള്ള അവരുടെ ഒടുങ്ങാത്ത ആസക്തി വ്യക്തമാക്കുന്നതാണ്. എങ്കിൽ ആ മുന്തിരി വള്ളിയുടെ വേരുകളിലൂടെ തങ്ങളുടെ അസ്ഥികൾക്ക് അത് നിലനിൽക്കുന്ന കാലത്തോളം ലഹരി ലഭിക്കുമല്ലോ എന്നായിരുന്നു അവരുടെ ചിന്ത. ഇത്തരത്തിലുള്ള മദ്യാസക്തരായ ഒരു സമൂഹത്തിൽ സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കാൻ സാധിച്ചത് എങ്ങനെയെന്നത് ലോകം എന്നും അത്ഭുതത്തോടെയാണ് കാണുന്നത്.

തികച്ചും പ്രായോഗികവും ശാസ്ത്രീയവുമായ രീതിയിലാണ് ഇസ്‌ലാം മദ്യനിരോധനം നടപ്പിലാക്കിയത്. മദ്യത്തിന് അടിമകളായിരുന്ന ജനതയോട് മദ്യം നിഷിദ്ധമാണെന്നും അത് കുടിക്കരുതെന്നും പ്രഥമഘട്ടത്തിൽ തന്നെ



പറഞ്ഞാൽ അത് ഉൾക്കൊള്ളുവാൻ അവർക്ക് കഴിയില്ല. ആദ്യം ക്വുർആൻ ജനങ്ങളിൽ ഏകദൈവവിശ്വാസം വളർത്തിയെടുത്തു. മരണാനന്തര ജീവിതം ഉണ്ടെന്നതും അതിന്റെ അനിവാര്യതയും അവരെ ബോധ്യപ്പെടുത്തി. സ്വർഗത്തെകുറിച്ചുള്ള പ്രതീക്ഷയും നരകത്തെക്കറിച്ചുള്ള ഭയവും അവരിൽ നട്ടുപിടിപ്പിച്ചു. പിന്നീട് വിധിവിലക്കുകൾ പഠിപ്പിച്ചു. അനുവദനീയമായതും നിഷിദ്ധമായതും ഇന്നതൊക്കെയെന്ന് കേൾക്കുന്ന മാത്രയിൽ സ്രഷ്ടാവിന്റെ തീരുമാനങ്ങൾക്ക് കീഴ്‌പ്പെടുന്നവരായി അവർ മാറി.

"...ആദ്യം ക്വുർആനിൽ അവതരിച്ചത് 'നിങ്ങൾ മദ്യം കഴിക്കരുത്' എന്നായിരുന്നുവെങ്കിൽ അവർ പറയുമായിരുന്നു: 'ഞങ്ങൾ മദ്യം ഒരിക്കലും ഒഴിവാക്കുകയില്ല.' ആദ്യം അവതരിച്ചത് 'നിങ്ങൾ വ്യഭിചരിക്കരുത്' എന്നായിരുന്നുവെങ്കിൽ അവർ പറയുമായിരുന്നു: 'ഞങ്ങൾ വ്യഭിചാരം ഒരിക്കലും ഒഴിവാക്കുകയില്ല' എന്ന പ്രവാചക പത്നി ആഇശ(റ)യുടെ വാക്കുകൾ (ബുഖാരി: 4993) ഈ വിഷയത്തിൽ ശ്രദ്ധേയമാണ്.

തന്റെ അനുചരന്മാർക്ക് ജീവിത ലക്ഷ്യത്തെക്കുറിച്ചും മരണാന്തര ജീവിതത്തെക്കുറിച്ചുമുള്ള കൃത്യമായ ബോധം പകർന്നുനൽകിക്കൊണ്ട് മുഹമ്മദ് നബി(സ) ക്വുർആനിന്റെ വെളിച്ചത്തിൽ ഘട്ടംഘട്ടമായി മദ്യമെന്ന വിപത്തിൽ നിന്നും തന്റെ സമൂഹത്തെ മോചിപ്പിക്കുകയായിരുന്നു. തിന്മകളിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കുവാൻ ആത്മ സംസ്‌കരണം അനിവാര്യമാണ് എന്ന് വ്യക്തം.

അൽപമൊക്കെ ആകുന്നതിൽ എന്താണ് കുഴപ്പം എന്ന ചോദ്യത്തോടെയാണ് പലരും മദ്യം രുചിച്ചുനോക്കാൻ തുടങ്ങുന്നത്. എന്നാൽ അൽപമാണെങ്കിലും പാടില്ല എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

അബ്ദുല്ലാഹ് ഇബ്നു ഉമറിൽ(റ) നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: "എല്ലാ ലഹരിയുണ്ടാക്കുന്നതും മദ്യമാകുന്നു. എല്ലാ ലഹരിയുണ്ടാക്കുന്നതും നിഷിദ്ധവുമാകുന്നു" (മുസ്‌ലിം: 2003)

മദ്യം അഥവാ ലഹരിയുണ്ടാക്കുന്നതെല്ലാം തിന്മകളുടെ മാതാവാണ്. അതിന് അടിമകളായി മാറുന്നവർ ഏത് നീച പ്രവൃത്തിയും ചെയ്യുവാൻ മടിക്കുകയില്ല. ദിനേന നമ്മുടെ വീടുകളിൽ എത്തുന്ന പത്രങ്ങളിൽ മദ്യപരുടെ അതിക്രമത്തിന്റെ ഒന്നോ രണ്ടോ വാർത്തകളെങ്കിലും കാണാതിരിക്കില്ല. സ്വന്തം പെൺമക്കളെ ലൈംഗികമായി ഉപദ്രവിച്ചതോ ഭാര്യയെ കഴുത്തറുത്ത് കൊന്നതോ മാതാവിനെ ചവിട്ടിക്കൊന്നതോ...അങ്ങനെയങ്ങനെ ദാരുണമായ വാർത്തകൾ! പിന്നിൽ ലഹരി തന്നെ!

"നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു. പറയുക, അവരണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനവുമുണ്ട്. എന്നാൽ അവയിലെ പാപത്തിന്റെ അംശമാണ് പ്രയോജനത്തിന്റെ അംശത്തെക്കാൾ വലുത്" (ക്വുർആൻ 2:219).

"സത്യവിശ്വാസികളേ, ലഹരിബാധിച്ചവരായിക്കൊണ്ട് നിങ്ങൾ നമസ്കാരത്തെ സമീപിക്കരുത്; നിങ്ങൾ പറയുന്നതെന്തെന്ന് നിങ്ങൾക്ക് ബോധമുണ്ടാകുന്നത് വരെ..." (ക്വുർആൻ 4:43).

**തികച്ചും പ്രായോഗികവും ശാസ്ത്രീയവുമായ രീതിയിലാണ് ഇസ്‌ലാം മദ്യനിരോധനം നടപ്പിലാക്കിയത്. മദ്യത്തിന് അടിമകളായിരുന്ന ജനതയോട് മദ്യം നിഷിദ്ധമാണെന്നും അത് കുടിക്കരുതെന്നും പ്രഥമഘട്ടത്തിൽ തന്നെ പറഞ്ഞാൽ അത് ഉൾക്കൊള്ളുവാൻ അവർക്ക് കഴിയില്ല. ആദ്യം ക്വുർആൻ ജനങ്ങളിൽ ഏകദൈവവിശ്വാസം വളർത്തിയെടുത്തു. മരണാനന്തര ജീവിതം ഉണ്ടെന്നതും അതിന്റെ അനിവാര്യതയും അവരെ ബോധ്യപ്പെടുത്തി. സ്വർഗത്തെ കുറിച്ചുള്ള പ്രതീക്ഷയും നരകത്തെക്കുറിച്ചുള്ള ഭയവും അവരിൽ നട്ടുപിടിപ്പിച്ചു. പിന്നീട് വിധിവിലക്കുകൾ പഠിപ്പിച്ചു. അനുവദനീയമായതും നിഷിദ്ധമായതും ഇന്നതൊക്കെയെന്ന് കേൾക്കുന്ന മാത്രയിൽ സ്രഷ്ടാവിന്റെ തീരുമാനങ്ങൾക്ക് കീഴ്പ്പെടുന്നവരായി അവർ മാറി.**

ഇങ്ങനെ മദ്യത്തിൽ നിന്ന് ജനങ്ങളെ അകറ്റുന്ന രൂപത്തിലുള്ള നിർദേശങ്ങൾ നൽകിയതിനു ശേഷമാണ് സമ്പൂർണ നിരോധനം നടപ്പിലാക്കിയത്. ഒടുവിൽ മദ്യം സമ്പൂർണമായി വെടിയാനുള്ള കൽപനയുണ്ടായി:

"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം. പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽ നിന്നും നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ (അവയിൽ നിന്ന്) വിരമിക്കുവാൻ ഒരുക്കമുണ്ടോ?"(5:90,91).

ഇതോടെ വലിയ ഒരു തിന്മയെ എന്നെന്നേക്കുമായി ഉപേക്ഷിക്കുവാൻ ആ ജനത തയ്യാറായി. മദ്യപാനം ഉപേക്ഷിച്ച ശേഷം അതിലേക്ക് മടങ്ങാതിരിക്കുവാൻ ആവശ്യമായ പല നിർദേശങ്ങളും നബിﷺ സമൂഹത്തിന് നൽകുകയുണ്ടായി.

നബിﷺ പറഞ്ഞതായി ഇബ്നു അബ്ബാസിൽ(റ) നിന്ന് നിവേദനം: "വല്ലവനും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ മദ്യം സേവിക്കപ്പെടുന്ന തീൻമേശകളിൽ അവൻ ഇരിക്കരുത്" (ത്വബ്‌റാനി).

സമ്പൂർണ മദ്യ നിരോധനം സാധ്യമല്ല എന്ന് പറയുന്ന ആധുനിക 'ബുദ്ധിജീവിസമൂഹം' നബിﷺ വരുത്തിയ ഈ മാറ്റത്തെ പഠനവിധേയമാക്കേണ്ടതുണ്ട്. ക്വുർആനിന്റെ വെളിച്ചം ലോകത്തുള്ള മുഴുവൻ മനുഷ്യർക്കും വെളിച്ചമാവേണ്ടതുണ്ട്.

ഇസ്‌ലാമിന്റെ നന്മയെ തമസ്കരിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന തൽപര കക്ഷികളായ വിമർശകരുടെയും മാധ്യമങ്ങളുടെയും പ്രചാരണങ്ങളിൽനിന്നല്ല; പ്രമാണങ്ങളിൽനിന്നാണ് ഇസ്‌ലാമിനെ മനസ്സിലാക്കേണ്ടത്. അപ്പോഴേ ആ നന്മയുടെ ആഴവും പരപ്പും ബോധ്യമാവുകയുള്ളൂ. ●

അബൂ അബ്ദുല്ല
mail@nerpatham.com

ലേഖനം



# പ്രവാസത്തിന് ഇത് അവധിക്കാലം

**വേ**നലവധിക്ക് ഗൾഫ് മേഖലയിലെ സ്കൂളുകൾ അടക്കുകയാണ്. മൂന്ന് മാസം നീണ്ട അവധി ആഘോഷിക്കാനുള്ള ഒരുക്കത്തിലാണ് പ്രവാസി വിദ്യാർഥികളും കുടുംബങ്ങളും.

രണ്ടോ മൂന്നോ മുറികളുള്ള ഫ്‌ളാറ്റിലോ വില്ലയിലോ ആണ് മിക്കവാറും പ്രവാസികൾ കുടുംബത്തോടൊപ്പം ജീവിക്കുന്നത്. അതിനാൽ തന്നെ സമൂഹവുമായുള്ള ഇടപെടലുകൾക്ക് ഇത്തരം ആളുകൾക്ക് അവസരങ്ങൾ കുറവാണ്; പ്രത്യേകിച്ച് കുട്ടികൾക്ക്. ഫ്‌ളാറ്റ് ജീവിതവും സ്മാർട്ട് ഫോണും മാനുഷിക ബന്ധങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനും അത് പുലർത്തിപ്പോരുന്നതിനും തടസ്സമാണ് എന്നത് ഒരു യാഥാർഥ്യം. പ്രവാസ ലോകത്ത് നൂറുകണക്കിന് മത, സാമൂഹ്യ, സാംസ്കാരിക സംഘടനകൾ ഉണ്ട്. അത്തരം സംഘടനകൾ ഒരുക്കുന്ന വിവിധ പരിപാടികളിൽ മാസത്തിൽ ഒരിക്കലോ മറ്റോ പങ്കാളികളാകുന്നു എന്നതാണ് മിക്കവാറും പ്രവാസി കുടുംബങ്ങളിലെ സാമൂഹ്യ ഇടപെടലുകൾ. ആഴ്ചയിൽ 6 ദിവസവും തങ്ങളുടെ താമസ സ്ഥലവും വിദ്യാലയവും പള്ളിയും തൊട്ടടുത്തുള്ള സൂപ്പർമാർക്കറ്റും ഹോട്ടലുകളുമാണ് പ്രവാസി വിദ്യാർഥികളുടെ ലോകം. സ്മാർട്ട് ഫോണുകളിൽ ഗെയിമും സാമൂഹ്യ മാധ്യമങ്ങളും തീർ

ത്ത കെണിയിൽ ചുറ്റിത്തിരിയുകയാണ് മിക്കവാറും വിദ്യാർഥികൾ.

താങ്ങാവുന്നതിനപ്പുറമുള്ള സിലബസ് പഠിപ്പിച്ച് തീർക്കുന്നതും നല്ല നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥികളുടെ ആധിക്യവും പലപ്പോഴും വിദ്യാർഥികൾക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ നന്നേ ചുരുക്കുന്നു.

അൽപം ഭേദപ്പെട്ട സാമ്പത്തിക സാഹചര്യമുള്ളതിനാൽ തങ്ങളുടെ മക്കൾ പ്രയാസങ്ങൾ അനുഭവിക്കരുത് എന്ന മാതാപിതാക്കളുടെ തീരുമാനം ഗുണത്തെക്കാൾ ഏറെ ദോഷം ചെയ്യുന്നു എന്ന് തിരിച്ചറിയാതെ പോകരുത്. മക്കൾക്ക് മറ്റുള്ളവരോട് ഇടപഴകാനും ചെറിയ കാര്യങ്ങളിൽ സ്വയം തീരുമാനമെടുക്കാനും പ്രായത്തിനനുസരിച്ച് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള അവസരങ്ങൾ നൽകാനും മാതാപിതാക്കൾ തയ്യാറായില്ലെങ്കിൽ അത് വലിയ ദുരന്തങ്ങൾ വിളിച്ചു വരുത്തും.

മിക്കവാറും പത്താം ക്ലാസ്സ് വരെയോ അല്ലെങ്കിൽ പ്ലസ്ടു വരെയോ ആണ് പ്രവാസലോകത്തെ വിദ്യാഭ്യാസം. അത് കഴിഞ്ഞാൽ മിക്കവാറും കേരളത്തിലോ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലോ തുടർപഠനം നടത്തുക എന്നതാണ് പൊതുവായി കണ്ടുവരുന്ന രീതി. ഇത്തരത്തിൽ ഉപരിപഠനത്തിനായി നാട്ടിൽ എത്തുന്ന വിദ്യാർഥികളുടെ മാതാപിതാക്കൾ പലപ്പോഴും വിദേശത്ത് തന്നെയായിരിക്കും.

പ്രവാസ ലോകത്ത് നിന്നും തികച്ചും വ്യത്യസ്തമായ അന്തരീക്ഷത്തിലേക്കാണ് ഇവർ പറന്നിറങ്ങുന്നത്. ഇത്തരം കുട്ടികൾക്കിടയിൽ വലിയതോതിലുള്ള പ്രശ്നങ്ങൾ ഉള്ളതായി പഠനങ്ങൾ പറയുന്നു. നാട്ടിലെ സാഹചര്യങ്ങളും ചതിക്കുഴികയും മനസ്സിലാക്കാതെ പ്രവാസത്തിന്റെ ഓർമയിൽ മുന്നോട്ട് പോകാൻ ശ്രമിക്കുന്ന ഇവരെ കാത്ത് അധാർമികതയുടെ വക്താക്കൾ പതിയിരിക്കുന്നുണ്ടെന്നത് മറന്നുകൂടാ. സമ്പത്ത് വിനിയോഗിക്കുന്നതിലും മറ്റുള്ളവരോട് ഇടപഴകുന്നതിലും ഒക്കെയുള്ള അപക്വത ഇത്തരം കുട്ടികളെ ചൂഷണം ചെയ്യുന്നതിന് വേട്ടക്കാർക്ക് കൂടുതൽ എളുപ്പമാകും.

കമ്പനികളിൽ ജോലി ചെയ്യുന്നവർക്ക് ഒരു മാസമോ നാൽപത് ദിവസമോ മാത്രമായിരിക്കും മിക്കവാറും അവധി ലഭിക്കുക. അതുകൊണ്ട് നാട്ടിലേക്ക് പോകുന്നില്ല എന്ന തീരുമാനമെടുക്കുന്നവരുണ്ട്. അൽപം പ്രയാസപ്പെട്ടാലും പുതു തലമുറക്ക് വേണ്ടി നാം ബോധപൂർവം ചില തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്. കഴിയുമെങ്കിൽ അവധിക്ക് നാട്ടിലെത്തുക. നാടിന്റെ നന്മയും കുടുംബബന്ധങ്ങളുടെ കുളിർമയും മക്കൾ അനുഭവിക്കട്ടെ. കുടുംബ സന്ദർശനങ്ങളിലൂടെ ബന്ധം നിലനിർത്തട്ടെ. ഫ്ളാറ്റ് ജീവിതത്തിൽ അനുഭവിക്കാൻ കഴിയാത്ത മഴയും വെയിലും അവർ അനുഭവിക്കട്ടെ. മണ്ണിന്റെ മണമറിയട്ടെ. കുട്ടികളുമായി കൂട്ടുകൂടി കളിച്ചു രസിക്കട്ടെ. നമ്മെ നാമാക്കിയ നമ്മുടെ മാതാപിതാക്കളുടെ സ്നേഹവും തലോടലും അവർ അനുഭവിക്കട്ടെ. വല്ലിമ്മയും വല്ലിപ്പയും തീർക്കുന്ന സ്നേഹ വലയത്തിൽ അവർ ഉല്ലസിക്കട്ടെ. നാളെ നമ്മെയും നാട്ടിലാക്കി വിദേശത്ത് താമസിച്ച് മാസാമാസം ചെലവിനുള്ള കാശ് അയക്കുന്ന മെഷീനുകളായി അവർ മാറാതിരിക്കണമെങ്കിൽ അവർക്ക് അനുഭവങ്ങൾ ഉണ്ടാവണം. അത് അവരുടെ വ്യക്തിത്വ രൂപീകരണത്തിൽ നിർണായക പങ്ക് വഹിക്കും എന്ന് തീർച്ച.

സ്കൂൾ അവധിക്കാലത്ത് സാമ്പത്തിക ലാഭം മാത്രം നോക്കി നാട്ടിൽ പോകാതെ പ്രവാസത്തിൽ തന്നെ കഴിച്ച്കൂട്ടുന്നവർ തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾ തകർക്കുന്നത് ഭാവി തലമുറയെയാണെന്ന് മറക്കരുത്. നാട്ടിൽ മഴയാണ്, ചൂട് സഹിക്കാൻ വയ്യ, ട്രാഫിക്ക് ബ്ലോക്ക് അസഹ്യമായതിനാൽ കാറുമായി പുറത്തിറങ്ങാൻ കഴിയില്ല, ഇടക്കിടക്ക് വൈദ്യുതി പോകും, നെറ്റ്വർക്ക് ക്ലിയർ അല്ല...ഇങ്ങനെയുള്ള ന്യായങ്ങൾ നിരത്തുന്നവരുണ്ട്. കുടുംബത്തെയും നമ്മെ നാമാക്കിയ നാടിനെയും അവഗണിക്കലാണത്. തങ്ങളെ പോറ്റിവളർത്തി വലുതാക്കിയ മാതാപിതാക്കളും കുടുംബക്കാരും ഇപ്പറഞ്ഞ പ്രയാസങ്ങൾ സഹിച്ചുകൊണ്ട് തന്നെയാണ് നാട്ടിൽ ജീവിക്കുന്നത് എന്നത് മറന്നുകൂടാ.

പുതു തലമുറ സുഖസൗകര്യങ്ങൾ മാത്രം അനുഭവിച്ച് വളർന്നു കൂടാ. ജീവിത പ്രയാസങ്ങളുടെ അനുഭവങ്ങളും അവർക്ക് അനുഭവിക്കാൻ കഴിയണം. മൊബൈൽ ഗെയിമുകൾക്കും സാമൂഹ്യ മാധ്യമങ്ങൾക്കും അപ്പുറം ഒരു ലോകമുണ്ട് എന്ന് അവർ അറിയണം. ചുറ്റുമുള്ള ചതിക്കുഴികളെക്കുറിച്ചും അവയിൽ അകപ്പെടാതിരിക്കാനുള്ള വഴികളെക്കുറിച്ചും അവർ ബോധവാന്മാരാകണം. താൻ ഒരു സാമൂഹ്യ ജീവിയാണെന്നുള്ള തിരിച്ചറിവ് അവർക്ക് ലഭിക്കണം. അല്ലാത്ത പക്ഷം ചെറിയ പ്രതിസന്ധികൾക്ക് മുന്നിൽ പോലും പിടിച്ച് നിൽക്കാനാവാതെ അവർ മനോരോഗികളായി മാറും. ഒരുവേള ജീവിതം തന്നെ അവസാനിപ്പിച്ചേക്കാം. ●

അബൂഹംദ, അലനല്ലൂർ
mail@nerpatham.com

# നന്മയുള്ള മക്കൾ



സൂര്യൻ അസ്തമിച്ചു. മഗ്‌രിബ് ബാങ്ക് വിളി പള്ളികളിൽനിന്നും ഉയർന്നുതുടങ്ങി. സ്‌കൂളിലേക്ക് പോയ അനസിനെ ഇനിയും കാണുന്നില്ല. സാധാരണ വൈകുന്നേരം അഞ്ചിനോ അഞ്ചരക്കോ അവൻ വീട്ടിലെത്തുന്നതാണ്.

നേരം ഇരുട്ടിത്തുടങ്ങിയിട്ടും എന്റെ മോനെ കാണുന്നില്ലല്ലോ... ഇനി എവിടെ പോയി അന്വേഷിക്കും എന്റെ റബ്ബേ...

സീനത്തിന്റെ മനസ്സിൽ ഭയം അരിച്ചുകയറി. ഒന്ന് പോയി അന്വേഷിക്കാമെന്നു വെച്ചാൽ അവന്റെ ഉപ്പയും നാട്ടിലില്ല. എന്നും മഗ്‌രിബ് നമസ്‌കാരം കഴിഞ്ഞാൽ അദ്ദേഹം വിളിക്കാറുള്ളതാണ്. അദ്ദേഹം വിളിച്ച് മോനെവിടെ എന്നു ചോദിച്ചാൽ ഞാനെന്തു മറുപടി പറയും? സീനത്ത് പരിഭ്രാന്തിയിലായി.

ഒടുവിൽ സീനത്ത് വീടിന്റെ മുൻവാതിൽ തുറന്ന് ഉമ്മറത്തേക്കിറങ്ങി. അപ്പുറത്തെ വീട്ടിലെ സൽമാനെ ഉറക്കെ വിളിച്ചു:

"മോനേ... സൽമാനേ... നീ അനസിനെ കണ്ടിരുന്നോ?"

അപ്പോഴതാ സൽമാന്റെ ഉമ്മ സക്കീന വാതിൽ തുറക്കുന്നു. സീനത്ത് സക്കീനയോട് മോൻ സ്‌കൂളിൽ നിന്ന് തിരിച്ചുവന്നില്ലെന്ന് തേങ്ങലോടെ പറഞ്ഞു.

ഇതു കേട്ട സക്കീനത്ത പറഞ്ഞു: "അപ്പോ... സീനത്തേ നീ ഒന്നും അറഞ്ഞില്ലേ? അവൻ നിന്നോടൊന്നും പറഞ്ഞിരുന്നില്ലേ?"

"എന്റെ സക്കീനത്താ, നിങ്ങൾ വളച്ചുകെട്ടില്ലാതെ വേഗം കാര്യം പറ. എനിക്ക് ആകെ പേടിയാകുന്നു."

"സൽമാനും ഇതുവരെ വന്നിട്ടില്ല. അവൻ രാവിലെ സ്‌കൂളിലേക്ക് പോകുമ്പോൾ തന്നെ ഇന്ന് വരാൻ വൈകുമെന്ന് പറഞ്ഞിരുന്നു."

"വൈകാനുള്ള കാരണം പറഞ്ഞിരുന്നോ?"

"അടുത്ത ആഴ്ചയിലല്ലേ നമ്മുടെ കുട്ടികൾക്കായി ബാലസമ്മേളനം നടക്കുന്നത്. അതുമായി ബന്ധപ്പെട്ട ഒരു യോഗം ഇന്ന് പള്ളിയിൽ നടക്കുമെന്നും മഗ്‌രിബ് കഴിഞ്ഞാലേ മടങ്ങിവരൂ എന്നും അവൻ പറഞ്ഞിരുന്നു. അനസ് നിന്നോട് വൈകുമെന്ന കാര്യം പറയാൻ മറന്നതാകും."

സക്കീനയുടെ ഈ വാക്കുകൾ കേട്ടപ്പോഴാണ് സീനത്തിന് ആശ്വാസമായത്.

"ശരിയാണല്ലോ. കഴിഞ്ഞ വെള്ളിയാഴ്ച പള്ളിയിൽ ബാലസമ്മേളനത്തെക്കുറിച്ച് പറഞ്ഞിരുന്നത് കേട്ടതാണ്. നീ പറഞ്ഞതു പോലെ വൈകുമെന്ന കാര്യം പറയാൻ അവൻ മറന്നതാകും. ഞാൻ വല്ലാതെ ടെൻഷനിലായി."

"നല്ല കാര്യം ചെയ്തും നല്ലവരോട് കൂട്ടുകൂടിയും മക്കൾ വളരട്ടെ സീനത്തേ. അതിൽപരം എന്ത് സന്തോഷം നൽകുന്ന എന്ത് കാര്യമാണുള്ളത്?!'

വൈകാതെ തന്നെ സൽമാനും അനസും തിരിച്ചെത്തി. സീനത്ത് സന്തോഷത്തോടെ അനസിന്റെ ചുമലിൽ കൈവെച്ച് അവനെ അകത്തേക്ക് കൂട്ടിക്കൊണ്ടുപോകവെ പറഞ്ഞു: "മോനേ നന്മകൾ ധാരാളം ചെയ്യണം. തെറ്റ് ചെറുതാണെങ്കിലും ചെയ്തു പോകരുത്. എങ്കിലേ സ്വർഗം ലഭിക്കൂ. മോൻ എങ്ങോട്ട് പോകുമ്പോഴും ഈ ഉമ്മയോട് പറഞ്ഞ് വേണം പോകാൻ."

"ഞാൻ പറയാൻ മറന്നതാണുമ്മാ. ഇൻശാ അല്ലാഹ്, ഇനി ആവർത്തിക്കില്ല" അനസ് തന്റെ നല്ല പ്രവൃത്തിയെ ഉമ്മ അംഗീകരിച്ചതിന്റെ സന്തോഷത്തിലായിരുന്നു.



കവിത

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# പാഴ്ക്കിനാവ്

അനവദ്യസുന്ദരമാകുമീ ഭുവനത്തിൽ
അതിരുവിട്ട് മർത്യർ അക്രമം നടത്തുന്നു!
നിലനിൽപിനെക്കുറിച്ചോർക്കുവാനില്ല നേരം
നിയമങ്ങളെ കാറ്റിൽ പറത്തി വിലസുന്നു.
വിത്തെറിഞ്ഞതു പാറപ്പുറത്താണല്ലോ വീണു
എത്രമേൽ നിനച്ചാലുമെങ്ങനെ മുളപൊട്ടും?
വിഡ്ഢി ഞാനറിവീല വേരൂന്നാനിടമൽപം
കിട്ടുകിലല്ലേ ജീവനാളമായുയിർക്കൊള്ളൂ!
ചിതൽതിന്നൊരു ചിത്രമായി മാറുന്നു ഭൂമി
നക്ഷത്രച്ചിരി പോലും ഭീതിദമായ്ത്തീരുന്നു.
എപ്പോഴാണിവ പേർത്തും തീതുപ്പുന്നറിവീല
വേദനയുൾക്കൊണ്ടീടാനെന്നിനി നമുക്കാവും?
മണ്ണിലെ കാഴ്ച കണ്ട് അരിശം പൂണ്ടതാലോ
വിണ്ണിൽനിന്നർക്കൻ നൽകും ചൂടിലുമാരോഹണം?
ചാമരം വീശും കാറ്റിൽ പാടുന്ന മുളങ്കാടും
ഹരിതനിറം ചാർത്തും വയലേലയും പിന്നെ
ഗ്രാമീണ സൗന്ദര്യത്തിൽ മോഹന കാഴ്ചകളും
പാഴ്ക്കിനാവായി മാറിപ്പോകുമോ ഭയക്കണം!
ചാലായി മാത്രം കാൺമൂ പുഴതന്നോരങ്ങളെ
വരണ്ടു വിണ്ടാണല്ലോ കിടപ്പൂ പാടങ്ങളും
എന്നാളും പൂക്കാടായി പുഞ്ചിരിക്കണം നാട്
പാടങ്ങൾ പച്ചപ്പട്ട് പുതച്ചു കിടക്കണം
ആശിക്കാൻ കാശുവേണ്ട,യതിനാലാശിപ്പൂ ഞാൻ
ആനന്ദമേകും സ്വപ്നമെങ്കിലും കാണട്ടെ ഞാൻ



ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

മുഹമ്മദ് നബിﷺ: 31

# ക്വുറൈശികൾ ബദ്‌റിൽ

നബിﷺ സൈന്യത്തെ ക്രമീകരിച്ചു തുടങ്ങി. പ്രധാന കൊടി മിസ്അബ് ഇബ്നു ഉമൈറി(റ)ന്റെ കയ്യിൽ കൊടുത്തു. വെള്ളനിറത്തിലുള്ള കൊടിയായിരുന്നു അത്. സൈന്യത്തെ പ്രധാനമായും രണ്ടു വിഭാഗമാക്കി തിരിച്ചു; മുഹാജിറുകളുടെ സംഘവും അൻസ്വാറുകളുടെ സംഘവും. മുഹാജിറുകളുടെ കൊടി അലിയ്യുബ്നു അബീത്വാലിബി(റ)ന്റെ കയ്യിലും അൻസ്വാറുകളുടെ കൊടി സഅ്ദ് ഇബ്നു മുആദി(റ)ന്റെ കയ്യിലും നൽകുകയുണ്ടായി. വലതുഭാഗത്ത് നിർത്തിയ ആളുകളുടെ നേതൃത്വം സുബൈർ ഇബ്നു അവ്വാമി(റ)നെയും ഇടതു ഭാഗത്ത് നിർത്തിയ ആളുകളുടെ നേതൃത്വം മിക്ദാദുബ്നു അംറി(റ)നെയും ഏൽപിച്ചു. സൈന്യത്തിന്റെ പിൻഭാഗത്ത് ക്വൈസ് ഇബ്നു അബീസ്വഅ്സ്വഅത്(റ) ആയിരുന്നു നിശ്ചയിക്കപ്പെട്ടത്. തന്റെ അനുചരൻമാരുടെ ദാരിദ്ര്യാവസ്ഥ മനസ്സിലാക്കിയ നബിﷺ ഇപ്രകാരം പ്രാർഥിച്ചു: "അല്ലാഹുവേ, അവർ നഗ്നപാദരാണ്; അവരെ ധരിപ്പിക്കേണമേ. അല്ലാഹുവേ, അവർ നഗ്നരാണ്; അവരെ വസ്ത്രം ധരിപ്പിക്കേണമേ. അല്ലാഹുവേ, അവർ വിശക്കുന്നവരാണ്; അവർക്ക് നീ ഭക്ഷണം നൽകേണമേ." നബിﷺയുടെ പ്രാർഥന അല്ലാഹു സ്വീകരി

ച്ചു. അല്ലാഹു അവർക്ക് ബദ്റിൽ വിജയം നൽകി. അവർക്ക് വസ്ത്രം നൽകപ്പെട്ടു. ഗനീമത്ത് (യുദ്ധാർജിത) സ്വത്ത് ധാരാളമായി ലഭിച്ചു. ഒന്നും രണ്ടും ഒട്ടകങ്ങളിൽ ചുമക്കാവുന്ന അത്രയും സമ്പത്ത് അവർക്ക് ലഭിക്കുകയുണ്ടായി.

"നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്..." (ക്വുർആൻ 2:186).

സൈന്യത്തെ ക്രമീകരിച്ചതിനുശേഷം നബിﷺ തന്റെ അനുചരന്മാരോട് നോമ്പുതുറക്കാൻ ആവശ്യപ്പെട്ടു. യുദ്ധം ചെയ്യുവാനും മുന്നോട്ടു നീങ്ങുവാനുമുള്ള കഴിവ് അവർക്ക് ഉണ്ടാകേണ്ടതുണ്ടല്ലോ. നബിﷺ അവർക്ക് ആവശ്യമായ പ്രേരണയും പ്രോത്സാഹനവും നൽകിക്കൊണ്ടിരുന്നു. 'ആകാശഭൂമികളോളം വിശാലമായ സ്വർഗത്തിലേക്ക് നിങ്ങൾ എഴുന്നേറ്റുവരൂ' എന്ന് അവരോട് നബിﷺ പറഞ്ഞു. ഈ സന്ദർഭത്തിൽ ഉമൈർ ഇബ്നു ഹുമാം അൽഅൻസ്വാരി‍ؓ നബിﷺയോട് ചോദിച്ചു: "അല്ലാഹുവിന്റെ പ്രവാചകരേ, ആകാശഭൂമികളോളം വിശാലമായ സ്വർഗമോ?' നബിﷺ പറഞ്ഞു: 'അതെ.' നബിﷺയുടെ ഈ വാക്കിനെ ഇഷ്ടപ്പെട്ടതായി അറിയിച്ചു കൊണ്ട് അദ്ദേഹം ഒരു ശബ്ദം ഉണ്ടാക്കി. നബിﷺ ചോദിച്ചു: 'എന്താണ് നീ ശബ്ദമുണ്ടാക്കാൻ കാരണം?' അദ്ദേഹം പറഞ്ഞു: 'ഒന്നുമില്ല റസൂലേ, ഞാനാ സ്വർഗത്തിലെ വക്താവാകുവാൻ ആഗ്രഹിക്കുന്നു.' അപ്പോൾ നബിﷺ പറഞ്ഞു: 'നീ സ്വർഗക്കാരനാണ്.' അപ്പോൾ അദ്ദേഹം തിന്നാൻ വേണ്ടി ഉപയോഗിച്ചിരുന്ന ഈത്തപ്പഴത്തിന്റെ പാത്രത്തിൽ നിന്നും ഈത്തപ്പഴങ്ങൾ പുറത്തേക്കെടുത്തു. എന്നിട്ട് പറഞ്ഞു: 'ഈ ഈത്തപ്പഴം തിന്നുതീർക്കാൻ ആവശ്യമായ സമയം ഞാൻ ജീവിച്ചിരുന്നാൽ തന്നെ അത് സുദീർഘമായ ഒരു ജീവിതമാണ്.' ഇതും പറഞ്ഞു കൊണ്ട് അദ്ദേഹം ഈത്തപ്പഴം വലിച്ചെറിയുകയും എന്നിട്ട് അവരോടൊപ്പം യുദ്ധം ചെയ്യുകയും രക്തസാക്ഷിയാവുകയും ചെയ്തു" (മുസ്‌ലിം: 1901).

മദീനയിൽ നിന്നും പുറപ്പെട്ട നബിﷺ സ്വഫ്റാഅ് എന്ന സ്ഥലത്തിനു സമീപം എത്തിയപ്പോൾ ബുസൈസതുബ്നു അംറുൽ ജുഹനിؓ, അദിയ്യിബ്നു അബിസ്സഅബാഅ്ؓ എന്നീ രണ്ടു സ്വഹാബിമാരെ അബൂസുഫ്‌യാന്റെ സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിന് വേണ്ടി പറഞ്ഞയച്ചു. യാത്രാവേളയിൽ നബിﷺ ഹുർറതുൽ വബ്റ എന്ന സ്ഥലത്തിന് സമീപത്തു വെച്ചുകൊണ്ട് മുശ്‌രിക്കുകളിൽ പെട്ട ഒരാളെ കണ്ടുമുട്ടി. അയാളോട് ചോദിച്ചു: 'നീ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അതെ.' നബിﷺ പറഞ്ഞു: 'എങ്കിൽ മുന്നോട്ട് നടന്നോളൂ" (മുസ്‌ലിം: 1817).

ക്വുറൈശി കച്ചവട സംഘത്തിലെ തലവൻ അബൂസുഫ്‌യാൻ ആയിരുന്നു. അതീവ ജാഗരൂകനും ശ്രദ്ധാലുവുമായിരുന്നു അദ്ദേഹം. യാത്രാ സന്ദർഭങ്ങളിൽ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കാനുള്ള ശ്രമം അദ്ദേഹവും നടത്തിയിരുന്നു. വഴിയിൽ വെച്ച് കാണുന്നവരോട് കാര്യങ്ങൾ അന്വേഷിച്ചിരുന്നു. അപ്പോഴാണ് മുഹമ്മദ് നബിﷺ കച്ചവട സംഘത്തെ ലക്ഷ്യം വെച്ചുകൊണ്ട് മദീനയിൽ നിന്നും പുറപ്പെട്ടിരിക്കുന്നു എന്ന വിവരം അബൂസുഫ്‌യാനു ലഭിച്ചത്. ഇത് അറിഞ്ഞ ഉടനെ അബൂസുഫ്‌യാൻ ളംളമുബ്നു അംറുൽ ഗഫ്ഫാരിയെ മക്കയിലേക്ക് പറഞ്ഞയച്ചു. മുഹമ്മദും സംഘവും ക്വുറൈശികളുടെ കച്ചവട സംഘത്തെ ലക്ഷ്യം വെച്ച് ഇറങ്ങിയിരിക്കുന്നു എന്ന് മക്കക്കാരെ അറിയിക്കലായിരുന്നു ഉദ്ദേശം. ളംളം മക്കാ താഴ്‌വരയിലെത്തി തന്റെ ഒട്ടകപ്പുറത്ത് കയറി നിന്നുകൊണ്ട് തന്റെ കുപ്പായം കീറി ഉച്ചത്തിൽ ഇപ്രകാരം വിളിച്ചു പറഞ്ഞു: "അല്ലയോ ക്വുറൈശികളേ, അപകടം! അപകടം! നിങ്ങളുടെ സമ്പത്ത് അബൂസുഫ്‌യാന്റെ അടുക്കലുണ്ട്. അത് പിടിച്ചെടുക്കാൻ മുഹമ്മദും അനുയായികളും പുറപ്പെട്ടിരിക്കുന്നു. ഇനി ആ സമ്പത്ത് നിങ്ങൾക്ക് കിട്ടുമോ എന്ന് പോലും എനിക്കറിയില്ല. അതുകൊണ്ട്, സഹായം, സഹായം. (അബൂസുഫ്‌യാനെ സഹായിക്കാൻ പുറപ്പെട്ടോളൂ)"

ക്വുറൈശികൾ അതിവേഗത്തിൽ ഒരുങ്ങി. കഴിവുള്ളവരും കഴിവില്ലാത്തവരും പുറപ്പെട്ടു. അബൂലഹബ് ഒഴി

**ബദ്റിൽ സത്യനിഷേധികളുടെ സൈന്യത്തിന് ഭക്ഷണം നൽകുവാൻ വേണ്ടി മാത്രമായി പന്ത്രണ്ടോളം പേർ ഉണ്ടായിരുന്നു. അബ്ബാസ് ഇബ്നു അബ്ദുൽ മുത്ത്വലിബ്, ഉത്ബതുബ്നു റബീഅ, ഹാരിസ് ഇബ്നു നൗഫൽ, തുഐമതുബ്നു അദിയ്യ്, അബുൽ ബുഖ്തരി, ഇബ്നു ഹിശാം, ഹകീം ഇബ്നു ഹുസാം, നള്റുബ്നുൽഹാരിസ്, അബൂജഹൽ ഇബ്നു ഹിശാം, ഉമയ്യത്തുബ്നു ഖലഫ്, സുഹൈലുബ്നു അംറ്, ഹജ്ജാജ് ഇബ്നു ആമിറിന്റെ രണ്ടു മക്കളായ നബീഹ്, മുനബ്ബിഹ് തുടങ്ങിയവരായിരുന്നു അവർ. വലിയ നേതാക്കന്മാരും സമ്പന്നരുമായിരുന്നു ഇവരൊക്കെ. ഓരോ ദിവസവും ഒൻപതോ പത്തോ ഒട്ടകങ്ങളെ വീതം അവർ അറുത്തിരുന്നു.**

കെ ക്വുറൈശികളിലെ എല്ലാ പ്രമാണിമാരും ഇറങ്ങിത്തിരിച്ചു. അബൂലഹബ് തനിക്കു പകരം ആസ് ഇബ്നു ഹിശാമിനെയാണ് അയച്ചത്. ആസ് ഇബ്നു ഹിശാം അബൂലഹബിന് കുറച്ച് പണം കടം വീട്ടാൻ ഉണ്ടായിരുന്നു. അതിനു പകരമായാണ് അബൂലഹബ് ആസിനെ പറഞ്ഞയച്ചത്. കച്ചവട സംഘത്തെ രക്ഷിക്കുവാൻ വേണ്ടി എല്ലാവരും ഒരുങ്ങിയിറങ്ങി. മുഹമ്മദിനെയും അനുയായികളെയും ഉന്മൂലനം ചെയ്യുക എന്നുള്ളതും അവരുടെ ഒരു ലക്ഷ്യമായിരുന്നു. അത്കൊണ്ടു തന്നെ നിർബന്ധിപ്പിച്ചു കൊണ്ടാണെങ്കിലും ക്വുറൈശികൾ ഒരാളെയും ഒഴിവാക്കാതെ തങ്ങളുടെ കൂടെ കൂട്ടി. അങ്ങനെ നിർബന്ധത്തിന് വഴങ്ങി പുറപ്പെട്ട ആളുകളിൽ പെട്ടവരായിരുന്നു അബ്ബാസ് ഇബ്നു അബ്ദുൽ മുത്ത്വലിബ്, നൗഫൽ ഇബ്നു ഹാരിസ്, അബുത്വാലിബിന്റെ രണ്ടു മക്കളായ നൗഫൽ, ഉകൈൽ തുടങ്ങിയവർ. യാത്രയുടെ തുടക്കത്തിൽ 1319 പേരായിരുന്നു മുശ്രിക്കുകളിൽ ഉണ്ടായിരുന്നത്. 100 കുതിരയും 600 പടയങ്കിയും ഒട്ടനവധി ഒട്ടകങ്ങളും അവരുടെ കൂടെ ഉണ്ടായിരുന്നു. അബൂജഹൽ ആയിരുന്നു നേതൃത്വം വഹിച്ചിരുന്നത്. അബൂസുഫ്‌യാന്റെ അടുക്കൽ നിന്നും വാർത്തകളുമായി ളംളം വരുന്നതിനു മുമ്പു തന്നെ അബ്ദുൽ മുത്ത്വലിബിന്റെ മകൾ ആതിക അക്കാര്യം സ്വപ്നത്തിൽ കണ്ടതായി ചരിത്രം പറയുന്നു. ക്വുറൈശികൾ സർവ സന്നാഹങ്ങളുമായി യാത്രക്ക് വേണ്ടി ഒരുങ്ങിയപ്പോൾ കുറെ നാളുകളായി മക്കയിലുള്ള ക്വുറൈശികൾക്കും ബനൂബകറിനും ഇടയിൽ നിലനിൽക്കുന്ന ശത്രുതയെക്കുറിച്ച് അവർ (ആതിക) ഓർമിപ്പിച്ചു. ഇതു കേട്ട മാത്രയിൽ മുശ്രിക്കുകൾ പറഞ്ഞു: 'ബനൂബകർ പിറകിൽ നിന്ന് നമുക്കെതിരെ വരുമോ എന്ന് നാം ഭയപ്പെടുന്നു.' ഈ സംസാരം യാത്രയിൽ നിന്നും പിന്മാറാൻ പോലും കാരണമാകുന്ന രൂപത്തിൽ എത്തി. അപ്പോൾ സുറാഖതുബ്നു മാലികിന്റെ രൂപത്തിൽ ഇബ്‌ലീസ് അവരിൽ പ്രത്യക്ഷപ്പെട്ടു. കിനാന ഗോത്രത്തിലെ പ്രധാനിയായിരുന്നു സുറാഖ. എന്നിട്ട് അവരോട് (ഇബ്‌ലീസ്) ഇപ്രകാരം പറഞ്ഞു: 'ഞാൻ നിങ്ങൾക്കുള്ള സംരക്ഷകനാണ്. നിങ്ങൾ ഭയപ്പെടുന്ന ഒന്നും തന്നെ പിറകിൽ നിന്നും ഉണ്ടാവുകയില്ല.'

ഇബ്‌ലീസിന്റെ ഇടപെടലിനെക്കുറിച്ച് അല്ലാഹു പറയുന്നു:

"ഇന്ന് ജനങ്ങളിൽ നിങ്ങളെ തോൽപിക്കാൻ ആരും തന്നെയില്ല. തീർച്ചയായും ഞാൻ നിങ്ങളുടെ സംരക്ഷകനായിരിക്കും എന്ന് പറഞ്ഞ് കൊണ്ട് പിശാച് അവർക്ക് അവരുടെ ചെയ്തികൾ ഭംഗിയായി തോന്നിച്ച സന്ദർഭവും (ഓർക്കുക). അങ്ങനെ ആ രണ്ടു സംഘങ്ങൾ കണ്ടുമുട്ടിയപ്പോൾ എനിക്കു നിങ്ങളുമായി ഒരു ബന്ധവുമില്ല, തീർച്ചയായും നിങ്ങൾ കാണാത്ത പലതും ഞാൻ കാണുന്നുണ്ട്, തീർച്ചയായും ഞാൻ അല്ലാഹുവെ ഭയപ്പെടുന്നു. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനത്രെ. എന്ന് പറഞ്ഞു കൊണ്ട് അവൻ (പിശാച്) പിൻമാറിക്കളഞ്ഞു" (ക്വുർആൻ 8:48).

ഈ സന്ദർഭത്തിൽ വലിയ ആവേശത്തോടെ അല്ലാഹുവിനോടും റസൂലിനോടുമുള്ള ശത്രുത പ്രകടിപ്പിച്ചു കൊണ്ട്, വാദ്യമേളങ്ങൾ മുഴക്കി, നൃത്തം ചവിട്ടി, മുസ്‌ലിംകൾക്കെതിരെ പാട്ടു പാടിക്കൊണ്ട്, അഹങ്കാരത്തോടെയും ധിക്കാരത്തോടെയും പൊങ്ങച്ചത്തോടെയും അവർ പുറപ്പെട്ടു.

"ഗർവോട് കൂടിയും ജനങ്ങളെ കാണിക്കാൻ വേണ്ടിയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) തടഞ്ഞുനിർത്താൻ വേണ്ടിയും തങ്ങളുടെ വീടുകളിൽ നിന്ന് ഇറങ്ങിപ്പുറപ്പെട്ടവരെ പോലെ നിങ്ങളാകരുത്. അല്ലാഹു അവർ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ക്വുർആൻ 8:47).

സത്യനിഷേധികളുടെ സൈന്യത്തിന് ഭക്ഷണം നൽകുവാൻ വേണ്ടി മാത്രമായി പന്ത്രണ്ടോളം പേർ ഉണ്ടായിരുന്നു. അബ്ബാസ് ഇബ്നു അബ്ദുൽ മുത്ത്വലിബ്, ഉത്ബതുബ്നു റബീഅ, ഹാരിസ് ഇബ്നു നൗഫൽ, തുഐമതുബ്നു അദിയ്യ്, അബുൽ ബുഖ്തരി, ഇബ്നു ഹിശാം, ഹകീം ഇബ്നു ഹുസാം, നള്റുബ്നുൽഹാരിസ്, അബൂജഹൽ ഇബ്നു ഹിശാം, ഉമയ്യത്തുബ്നു ഖലഫ്, സുഹൈലുബ്നു അംറ്, ഹജ്ജാജ് ഇബ്നു ആമിറിന്റെ രണ്ടു മക്കളായ നബീഹ്, മുനബ്ബിഹ് തുടങ്ങിയവരായിരുന്നു അവർ. വലിയ നേതാക്കന്മാരും സമ്പന്നരുമായിരുന്നു ഇവരൊക്കെ. ഓരോ ദിവസവും ഒൻപതോ പത്തോ ഒട്ടകങ്ങളെ വീതം അവർ അറുത്തിരുന്നു. മക്കയിൽ നിന്ന് പുറപ്പെട്ട ഉടനെത്തന്നെ അവർക്ക് വേണ്ടി ആദ്യമായി ഒട്ടകത്തെ അറുത്തത് അബൂജഹൽ ബിൻ ഹിശാം ആയിരുന്നു. ഇവരെക്കുറിച്ചാണ് അല്ലാഹു ഇങ്ങനെ പറയുന്നത്:

"തീർച്ചയായും സത്യനിഷേധികൾ തങ്ങളുടെ സ്വത്തുക്കൾ ചെലവഴിക്കുന്നത് അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) പിന്തിരിപ്പിക്കുവാൻ വേണ്ടിയത്രെ. അവർ അത് ചെലവഴിക്കും. പിന്നീട് അ



തവർക്ക് ഖേദത്തിന് കാരണമായിത്തീരും. അനന്തരം അവർ കീഴടക്കപ്പെടുകയും ചെയ്യും. സത്യനിഷേധികൾ നരകത്തിലേക്ക് വിളിച്ചുകൂട്ടപ്പെടുന്നതാണ്" (ക്വുർആൻ 8:36).

ക്വുറൈശികളുടെ സൈന്യം ബദ്ർ ലക്ഷ്യമാക്കി നീങ്ങി. ജുഹ്ഫയിൽ എത്തിയപ്പോൾ അവർ അവിടെ ഇറങ്ങി. ബദ്റിലൂടെ കടന്നുപോകുന്ന പ്രധാന വഴിയിലൂടെയായിരുന്നു അബൂസുഫ്‌യാൻ കച്ചവട സംഘത്തെ കൊണ്ടുവന്നിരുന്നത്. അതീവ ജാഗ്രത പാലിക്കുന്ന ആളായിരുന്നു അബൂസുഫ്‌യാൻ എന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ബദ്റിന്റെ സമീപത്തുള്ള ജല തടാകത്തിൽ എത്തിയപ്പോൾ മുജ്ദിയ്യുബ്നു അംറുൽ ജുഹനിയെ അബൂസുഫ്‌യാൻ കണ്ടു. അബൂസുഫ്‌യാൻ ചോദിച്ചു: 'മുഹമ്മദിന്റെ വല്ല ചാരന്മാരെയും നീ കണ്ടുവോ?' മുജ്ദിയ്യ് പറഞ്ഞു: 'അല്ലാഹുവാണ് സത്യം, ഭയപ്പെടേണ്ടതായിട്ടുള്ള ആരെയും ഞാൻ കണ്ടിട്ടില്ല. എന്നാൽ രണ്ടു യാത്രക്കാർ ഇതുവഴി വരികയും ഈ മൺതിട്ടക്കടുത്ത് വെച്ച് അവർ തങ്ങളുടെ ഒട്ടകത്തെ മുട്ട് കുത്തിക്കുകയും അവരുടെ പാന പാത്രത്തിൽ നിന്നും വെള്ളം കുടിച്ചു തിരിച്ചുപോകുകയും ചെയ്തു.' ഇതു കേട്ടപ്പോൾ അബൂസുഫ്‌യാൻ മുജ്ദിയ്യ് സൂചിപ്പിച്ച ആളുകളുടെ ഒട്ടകങ്ങൾ മുട്ടുകുത്തിയ സ്ഥലത്തേക്ക് വന്നു. എന്നിട്ട് ആ ഒട്ടകത്തിന്റെ കാഷ്ഠം എടുത്തു പരിശോധിച്ചു. അപ്പോൾ അതിൽ ഈത്തപ്പഴത്തിന്റെ കുരുവുണ്ടായിരുന്നു. ഉടനെ അബൂസുഫ്‌യാൻ ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവാണ് സത്യം, ഇത് മദീനയിലെ ഈത്തപ്പഴം തിന്ന ഒട്ടകത്തിന്റെ കാഷ്ഠമാണ്. തീർച്ചയായും ഇവർ മുഹമ്മദിന്റെ ചാരന്മാർ തന്നെ.' അബൂഅബൂസുഫ്‌യാൻ തന്റെ ആളുകളുടെ അടുക്കലേക്ക് അതിവേഗത്തിൽ മടങ്ങിച്ചെന്നു. യാത്രാ സംഘത്തിന്റെ ഗതി മറ്റൊരു ഭാഗത്തേക്ക് അബൂസുഫ്‌യാൻ തിരിച്ചു. ബദ്റിന്റെ ഇടതു വശത്തു കൂടിയുള്ള പ്രധാന വഴി ഉപേക്ഷിച്ചുകൊണ്ട് കടൽ തീരത്തിലൂടെ യാത്രയായി. യാത്രാസംഘത്തിലെ ഒട്ടകങ്ങളെ അതിവേഗത്തിൽ തെളിക്കുകയും മുസ്‌ലിംകൾക്ക് പിടികൊടുക്കാതെ രക്ഷപ്പെടുകയും ചെയ്തു.

തന്റെ കച്ചവടസംഘം രക്ഷപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കിയ അബൂസുഫ്‌യാൻ ക്വൈസുബ്നു ഇംറുൽക്വൈസിനെ ഒരു കത്തുമായി ക്വുറൈശികളുടെ അടുക്കലേക്കയച്ചു. ആ കത്തിൽ ഇപ്രകാരം എഴുതിയിരുന്നു: 'നിങ്ങളുടെ കച്ചവട സംഘത്തെയും സമ്പത്തിനെയും ആളുകളെയും സംരക്ഷിക്കുവാൻ വേണ്ടിയാണ് നിങ്ങൾ പുറപ്പെട്ടത്. എന്നാൽ അവയെയെല്ലാം അല്ലാഹു രക്ഷപ്പെടുത്തിയിരിക്കുന്നു. അതു കൊണ്ട് നിങ്ങൾ മക്കയിലേക്ക് തിരിച്ചുപോയിക്കൊള്ളുക.'

പക്ഷേ, ഈ കത്ത് വായിച്ച് അബൂജഹൽ പറഞ്ഞു: 'അല്ലാഹുവാണ് സത്യം, ബദ്റിൽ എത്തുന്നത് വരെ ഞങ്ങൾ ഒരിക്കലും മടങ്ങുകയില്ല. അവിടെ ഞങ്ങൾ മൂന്നുദിവസം താമസിക്കും. ഒട്ടകങ്ങളെ അറുക്കും. ഭക്ഷണം കഴിക്കും. മദ്യപിക്കും. വാദ്യമേളങ്ങൾ ഉണ്ടാക്കും. ഞങ്ങളെക്കുറിച്ചും ഞങ്ങളുടെ പുറപ്പാടിനെക്കുറിച്ചും ഞങ്ങളുടെ സംഘത്തെക്കുറിച്ചും അറബികൾ കേൾക്കണം. അങ്ങനെ അറബികൾ ഞങ്ങളെ എന്നും ഭയപ്പെടണം. അതുകൊണ്ട് മുന്നോട്ട് ഗമിക്കൂ.'

അബൂജഹൽ ഇങ്ങനെയൊക്കെ പറഞ്ഞുവെങ്കിലും ഇബ്നു ശുറൈഖ് മടങ്ങിപ്പോകാൻ തീരുമാനിച്ചു. ബനൂസഹ്റ ഗോത്രക്കാരുമായി സഖ്യത്തിൽ ഏർപെട്ടവരായിരുന്നു അവർ. അക്കൂട്ടത്തിലുള്ള (ബനൂ സഹ്റ) എല്ലാവരും ജുഹ്ഫയിൽ നിന്ന് മക്കയിലേക്ക് മടങ്ങുകയുണ്ടായി. ഏതാണ്ട് 300 പേരുണ്ടായിരുന്നു അവർ. ബനൂഹാശിമും മടങ്ങിപ്പോകുവാൻ ഉദ്ദേശിച്ചുവെങ്കിലും അബൂജഹൽ അവരെ തടഞ്ഞു വെക്കുകയുണ്ടായി. മുശ്‌രിക്കുകൾ ബദ്ർ ലക്ഷ്യം വെച്ച് നീങ്ങി. ബദ്റിന്റെ സമീപത്ത് പോയി അവർ ഇറങ്ങി. ബദ്ർ താഴ്‌വരയുടെ താഴെ അറ്റമായിരുന്നു അവർ ഇറങ്ങിയ ഭാഗം. സത്യത്തിൽ മുശ്‌രിക്കുകളെ അവരുടെ നേതാവ് അബൂജഹൽ നാശത്തിലേക്ക് വലിച്ചുകൊണ്ടു വരികയായിരുന്നു. അല്ലാഹു പറഞ്ഞത് എത്ര സത്യം:

"സത്യത്തെ സത്യമായി പുലർത്തേണ്ടതിനും അസത്യത്തെ ഫലശൂന്യമാക്കിത്തീർക്കേണ്ടതിനുമത്രെ അത്. ദുഷ്ടൻമാർക്ക് അതെത്ര അനിഷ്ടകരമായാലും ശരി" (ക്വുർആൻ 8:8). ●

# കെ.എ.എസ് സംവരണം സ്വാഗതാർഹം: വിസ്ഡം യൂത്ത്

അലനല്ലൂർ: സംസ്ഥാനത്തെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രംഗത്ത് സംവരണം നടപ്പാക്കാനുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമെന്ന് എടത്തനാട്ടുകരയിൽ നടന്ന വിസ്ഡം യൂത്ത് സംസ്ഥാന പ്രതിനിധി സമ്മേളനം അഭിപ്രായപ്പെട്ടു.

പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഉപകാരപ്പെടുന്ന സംവരണ തത്ത്വങ്ങൾ നടപ്പിലാക്കുന്ന നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. കേരളത്തിലെ പല ക്യാമ്പസുകളിലും ആയുധങ്ങളുമായി സംഘടനാ പ്രവർത്തനങ്ങൾ നടത്തുന്നവരെ കർശനമായി തടയണം. ഇത്തരം സമൂഹ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർഥികളെ ക്യാമ്പസ് പഠനത്തിന് അനുവദിക്കാതെയും ക്രിമിനൽ ശിക്ഷാനടപടികൾ സ്വീകരിച്ചും ജയിലിലടക്കണം.

വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണങ്ങൾ രാഷ്ട്രീയ പ്രേരിതമാകരുതെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ഖാദർ കമ്മിഷൻ റിപ്പോർട്ടിലെ പോരായ്മകൾ പരിഹരിക്കുകയും സമവായത്തിലൂടെ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുകയും ചെയ്യാൻ സർക്കാർ തയ്യാറാകണം.

സമൂഹത്തിൽ അന്ധവിശ്വാസങ്ങളുടെ പ്രചാരണത്തിനും വിശ്വാസ ചൂഷണങ്ങൾക്കും നേതൃത്വം നൽകുന്ന വ്യക്തികൾക്കും സംഘടനകൾക്കുമൊപ്പം വേദി പങ്കിടുന്നതിൽനിന്നും അവരുടെ പദ്ധതികൾ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിൽനിന്നും രാഷ്ട്രീയ പ്രവർത്തകരും ഭരണാധികാരികളും വിട്ടുനിൽക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

രാജ്യത്ത് ആൾക്കൂട്ട ആക്രമണങ്ങളും കൊലപാതകങ്ങളും വർധിച്ച് വരുന്നത് ആശങ്കാജനകമാണ്. കുറ്റവാളികൾക്കെതിരെ കാലവിളംബം കൂടാതെ കടുത്ത ശിക്ഷാനടപടി സ്വീകരിക്കണം.

സ്ത്രീ പീഡനവും ആത്മഹത്യകളും വർധിച്ചു വരുന്ന സാഹചര്യം ആശങ്കാജനകമാണ്. മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ സർക്കാർ ബോധവൽക്കരണ പരിപാടികൾ ശക്തമാക്കണം. പൊതുസമൂഹത്തിന് സാമൂഹ്യ സുരക്ഷ നൽകേണ്ട പോലീസ് വകുപ്പ് ജനജവിതത്തിന് തന്നെ ഭീഷണിയാകുന്ന വിധം സ്വീകരിക്കുന്ന സമീപനങ്ങൾ ആവർത്തിക്കുന്നത് പ്രതിഷേധാർഹമാണെന്നും സംസ്ഥാന പ്രതിനിധി സമ്മേളനം അഭിപ്രായപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി എടത്തനാട്ടുകര കോട്ടപ്പള്ള ദാറുൽ ക്വുർആനിൽ സംഘടിപ്പിച്ച സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ.അശ്‌റഫ് ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ.സജ്ജാദ് അധ്യക്ഷത വഹിച്ചു.

ദമ്മാമിലെ മലയാള പ്രബോധന വിഭാഗം തലവൻ അബ്ദുൽ ജബ്ബാർ അബ്ദുല്ല മദീനി, പ്രൊഫ. ഹാരിസ് ബിൻ സലീം, സി.പി.സലീം, മുജീബ് ഒട്ടുമ്മൽ, അബ്ദുല്ല ഫാസിൽ, യു.മുഹമ്മദ്, പി.യു.സുഹൈൽ, ഒ.മുഹമ്മദ് അൻവർ, താജുദ്ദീൻ സ്വലാഹി, ഡോ.മുഹമ്മദ് കുട്ടി കണ്ണിയൻ, ശഫീഖ് സ്വലാഹി, ടി.കെ.നിഷാദ് സലഫി, ഹാരിസ് കായക്കൊടി, കമറുദ്ദീൻ, റിൻഷാദ് ആലപ്പുഴ, നിഷാദ്. എം.എം, ബിലാൽ കോട്ടയം, ഹാരിസ് ഫാറൂഖി കൊല്ലം, ഹാറൂൺ തിരുവനന്തപുരം, മുഹമ്മദ് ശബീർ കണ്ണൂർ, ഉനൈസ് സ്വലാഹി, ഇഖ്ബാൽ കൽപ്പറ്റ, ഡോ.അബ്ദുൽ ഖാദർ, ഹാരിസ് തൃശൂർ, സാ

# കലാലയങ്ങൾ ആയുധപ്പുരകളാക്കരുത്: വിസ്ഡം സ്റ്റുഡൻസ്

കോട്ടക്കൽ: ക്യാംപസുകളിൽ സംഘടന പ്രവർത്തനങ്ങളുടെ മറവിൽ നടക്കുന്ന അക്രമങ്ങളും ആയുധ ശേഖരവും നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിസ്ഡം സ്റ്റുഡൻസ് കോട്ടക്കലിൽ സംഘടിപ്പിച്ച സംസ്ഥാന പ്രതിനിധി സമ്മേളനം സർക്കാറിനോട് ആവശ്യപ്പെട്ടു.

മൂല്യാധിഷ്ഠിത രാഷ്ട്രീയ പ്രവർത്തനങ്ങൾക്കും വിദ്യാർഥിപക്ഷ പ്രവർത്തനങ്ങൾക്കും പകരം ഗുണ്ടാസംഘങ്ങളായി വിദ്യാർഥി സംഘടനകൾ പരിണമിക്കുന്നത് ഗൗരവത്തോടെ കാണേണ്ടതാണ്. എതിർശബ്ദങ്ങളെ ഇല്ലായ്മ ചെയ്തും മറ്റു സംഘടനകളുടെ പ്രവർത്തന സ്വാതന്ത്ര്യം തടസ്സപ്പെടുത്തിയുമുള്ള നീക്കങ്ങൾ അപലപനീയമാണ്. ക്യാംപസുകളിൽ അക്രമരാഷ്ട്രീയത്തിന്റെ ഇരകളാകുന്നവരെ പോലെത്തന്നെ സംഘടന പ്രവർത്തനത്തിന്റെ പേരിൽ അക്കാദമിക രംഗത്ത് വലിയ രീതിയിൽ പിന്നാക്കം പോകുന്നതും ചർച്ചയാവേണ്ടതുണ്ട്. ഇതിനായി ക്യാമ്പസിലെ അക്രമങ്ങൾക്കും അധാർമിക പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുന്ന ബാഹ്യ ഇടപെടലുകളും സംഘടന നേതൃത്വത്തിൽ നൽകുന്ന പരിരക്ഷയും നിയന്ത്രിക്കേണ്ടതുമുണ്ട്. വിദ്യാർഥികളിൽ വർധിച്ചുവരുന്ന അരാഷ്ട്രീയവാദത്തിന് ആക്കംകൂട്ടുന്ന ഇത്തരം പ്രവണതകൾ അവസാനിപ്പിക്കാൻ വിദ്യാർഥി സംഘടനകൾ തയ്യാറാവണം. ധാർമികബോധം ഉയർത്തിപ്പിടിക്കുന്ന മൂല്യാധിഷ്ഠിത രാഷ്ട്രീയ പ്രവർത്തനമാണ് കാലഘട്ടം ആവശ്യപ്പെടുന്നത്.

സമ്മേളനം ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന പ്രസിഡന്റ് എ.പി. മുനവ്വർ സ്വലാഹി അധ്യക്ഷത വഹിച്ചു. അബ്ദുൽ ജബ്ബാർ മദീനി, സുഫ് യാൻ അബ്ദുസ്സലാം, ഹാരിസ് ഇബ്നു സലീം, സി.പി. സലീം, അർഷദ് അരീക്കാട്, പി.കെ. അംജദ് മദനി എന്നിവർ പ്രസംഗിച്ചു.

ഡോ. പി.പി. നസ്വീഫ്, പി. ലുബൈബ്, സി. മുഹാസ്, വി. സെലു അബൂബക്കർ, ഇൻഷാദ് സ്വലാഹി, സയ്യിദ് മുഹമ്മദ് മശ്ഹൂർ തങ്ങൾ, അഷ്കർ സലഫി, ഷമീൽ അരീക്കോട്, മുനവ്വർ കോട്ടക്കൽ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

സമാപന സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു.

ദിഖ് ഇബ്നു സലീം അഫീഫ് മദനി, മുസ്തഫ മദനി, അബ്ദുൽ ഹമീദ് ഇരിങ്ങൽത്തൊടി, വി.അബ്ദുല്ലത്വീഫ്, ഇബ്നു അലി എടത്തനാട്ടുകര എന്നിവർ പ്രസംഗിച്ചു.

സമാപന സമ്മേളനം അഡ്വ.എൻ.ശംസുദ്ദീൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ.സജ്ജാദ് അധ്യക്ഷത വഹിച്ചു.

വിശ്വാസ ജീർണതകൾക്കെതിരെ ബോധവൽക്കരണം, 'ഉണർവ്' യുവജന ക്യാമ്പ്, ഏരിയാ കൺവൻഷൻ, കുടുംബ സംഗമം, സെമിനാർ, പ്രീ മാരിറ്റൽ വർക്ക്ഷോപ്പ്, ദമ്പതിമാർക്കുള്ള ഗെറ്റ് ടുഗതർ തുടങ്ങിയ പദ്ധതികൾക്ക് സമ്മേളനം അന്തിമരൂപം നൽകി.

ഹംസ ജമാലി
mail@nerpatham.com

ലേഖനം




# ദുൽഹജ്ജ് മാസത്തിലെ പത്ത് ദിവസങ്ങളുടെ ശ്രേഷ്ഠതകൾ

കൂടുതൽ ആദായം നേടിയെടുത്ത് വിജയം കൈവരിക്കുന്നതിനായി സുവർണാവസരങ്ങൾ ഉപയോഗപ്പെടുത്തുന്നവരാണ് ബുദ്ധിമാന്മാർ. പരീക്ഷാകാലങ്ങളെ പഠിതാക്കൾ എങ്ങനെയാണ് സ്വീകരിക്കുന്നതെന്ന് ചിന്തിച്ചു നോക്കൂ. എന്തുമാത്രം അധ്വാനവും സമയവുമാണ് അവർ അതിന് വേണ്ടി വ്യയം ചെയ്യാറുള്ളത്! ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും പെരുന്നാളുകളെയും ഒഴിവുകാലങ്ങളെയുമെല്ലാം വ്യാപാരികൾ എങ്ങനെയാണ് സ്വീകരിക്കുന്നതെന്ന് നിരീക്ഷിച്ചുനോക്കൂ. യാതൊന്നും നഷ്ടപ്പെടാതിരിക്കാനായി അവർ പരിശ്രമിക്കുന്നു! വസ്ത്രവ്യാപാരിയായ ഒരാൾ പെരുന്നാൾ സമാഗതമാകുമ്പോൾ തുണിക്കടയടച്ച് ഉല്ലാസയാത്രക്ക് തയ്യാറാകുമോ? പാഠപുസ്തകങ്ങളും മറ്റു പഠനോപകരണങ്ങളും വിൽക്കുന്ന ഒരാൾ വിദ്യാലയങ്ങൾ തുറക്കുന്നതിന്റെ തൊട്ടുമുമ്പ് അയാളുടെ കടയടക്കുകയും പിന്നീട് സ്കൂളുകൾ തുറന്ന് ആഴ്ചകൾക്ക് ശേഷം കട തുറക്കുകയും ചെയ്യുമോ? ഇവർ വിജയിക്കുന്ന കച്ചവടക്കാരാകുമോ?

ഇപ്പറഞ്ഞതെല്ലാം ഇഹലോകത്തെ നേട്ടകോട്ടങ്ങളുടെയും കച്ചവടത്തിന്റെയും കാര്യമാണ്. എന്നാൽ അല്ലാഹുവുമായുള്ള കച്ചവടത്തിലേർപെടുന്നതിനെക്കുറിച്ച് എന്ത് പറയുന്നു?

വിശുദ്ധ ഹജ്ജ് കർമത്തിന്റെ നാളുകൾ സമാഗതമായി. ഹജ്ജിന് പോകാത്തവർക്കും ഏറെ പ്രതിഫലം സമ്പാദിക്കുവാനുള്ള വഴികൾ കാരുണ്യവാനായ അല്ലാഹു തുറന്നു തന്നിട്ടുണ്ട് എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. അല്ലാഹു ദുൽഹജ്ജ് മാസത്തിലെ പത്ത് ദിനരാത്രങ്ങൾക്ക് ഏറെ ശ്രേഷ്ഠതകൾ കൽപിച്ചിരിക്കുന്നു എന്നതാണത്. ആ പുണ്യദിനങ്ങളെ സ്വീകരിക്കുവാൻ നാം ഒരുങ്ങിയിട്ടുണ്ടോ? അല്ലാഹു തൃപ്തിപ്പെടുകയും അവനിലേക്ക് നമ്മെ അടുപ്പിക്കുകയും അവന്റെയടുക്കൽ നമ്മുടെ പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്ന സൽകർമങ്ങൾ അധികരിപ്പിക്കുവാൻ ഈ അവസരം നാം ഉപയോഗിക്കേണ്ടതുണ്ട്.

## ദുൽഹജ്ജിലെ പത്ത് ദിവസങ്ങളുടെ ശ്രേഷ്ഠതകൾ

സജ്ജനങ്ങൾക്ക് സൽകർമങ്ങൾ വർധിപ്പിക്കുന്നതിന്നായി വർഷത്തിൽ ആവർത്തിച്ച് വരുന്ന ദിവസങ്ങൾ നിശ്ചയിച്ചിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ ഔദാര്യത്തിൽ പെട്ടതാകുന്നു. ഈ പുണ്യ ദിനങ്ങളിൽ തങ്ങളുടെ ഉടമസ്ഥനും രക്ഷിതാവുമായ അല്ലാഹുവിലേക്കടുപ്പിക്കുന്നതായ കർമങ്ങളിൽ അവർ മത്സരിക്കുകയും അല്ലാഹു അവന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ട് അവരുടെ പ്രതിഫലം മഹത്തരമാക്കിക്കൊടുക്കുകയും ചെയ്യുന്നു. മനുഷ്യർ വന്നും പോയും കൊണ്ടിരിക്കുമ്പോൾ സൽകർമങ്ങൾ അധികരിപ്പിക്കുന്നതിനായി നമ്മുടെ ആയുഷ്കാലം നീട്ടിത്തന്നിരിക്കുന്നുവെന്നതും അവൻ ചെയ്ത അനുഗ്രഹങ്ങളിൽ പെട്ടതു തന്നെ. മറ്റു സമുദായങ്ങളുടെ ആയുസ്സിനെക്കാൾ വളരെ കുറവാണ് മുഹമ്മദ് നബിﷺയുടെ സമുദായത്തിന്റെ ആയുസ്സ്. നബിﷺ പറഞ്ഞു: "എന്റെ സമുദായത്തിന്റെ ആയുഷ്കാലം അറുപതിനും എഴുപതിനും ഇടക്കാകുന്നു" (ഇബ്നുമാജ:1073).

എന്നാൽ അല്ലാഹു അവന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ട് കുറഞ്ഞ കാലയളവിൽ കൂടുതൽ കർമങ്ങൾ ചെയ്യാനും അവ വർധിപ്പിക്കാനും ഉതകുംവിധം നമ്മുടെ ആയുസ്സിനെ അനുഗ്രഹിച്ചുകൊരിക്കുന്നു. ഈ കർമങ്ങൾ പ്രവർത്തിക്കുന്നത് അവർ കൂടുതൽ കാലം ജീവിച്ചതിന് തുല്യമാണ്. ഇത്തരം പുണ്യങ്ങളിൽ പെട്ടതാണ് ഇഹലോകത്തെ ദിവസങ്ങളിൽ ഏറ്റവും ഉത്തമമായ ദുൽഹജ്ജ് മാസത്തിലെ ആദ്യത്തെ പത്തു ദിവസങ്ങൾ. നബിﷺ അരുളി: "ഇഹലോകത്തിലെ ദിവസങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് ദുൽഹജ്ജിലെ ആദ്യത്തെ പത്ത് ദിവസങ്ങളാകുന്നു" (ഇബ്നുമാജ: 1144).

അതിലെ നിമിഷങ്ങളും മണിക്കൂറുകളും ദിനങ്ങളുമെല്ലാം അല്ലാഹുവിലേക്ക് ഏറ്റവും പ്രിയപ്പെട്ടതാകുന്നു. അല്ലാഹു ഒരു കാര്യം സത്യം ചെയ്തു പറയുന്നുവെങ്കിൽ അത് അവന്റെയടുക്കലുള്ള അതിന്റെ പ്രാധാന്യവും മഹത്ത്വവും അറിയിക്കുന്നു. അല്ലാഹു പറയുന്നത് നോക്കൂ:

"പ്രഭാതം തന്നെയാണ സത്യം. പത്തു രാത്രികൾ തന്നെയാണ സത്യം" (അൽഫജ്ർ: 1,2).

ഈ ദിവസങ്ങളിലാണ് അറഫാദിനം. പ്രവാചകൻﷺ അറഫാദിനത്തെക്കുറിച്ച് ഇങ്ങനെ അരുളി: "അറഫാ ദിവസത്തെക്കാൾ അല്ലാഹു തന്റെ ദാസന്മാരെ നരകത്തിൽനിന്ന് മോചിപ്പിക്കുന്ന മറ്റൊരു ദിവസവുമില്ല" (മുസ്ലിം: 2402).

ഈ പുണ്യദിനങ്ങളുടെ അവസാന നാളാകട്ടെ ബലിദിനവും ശേഷമുള്ള മിനായിൽ താമസിക്കുന്ന ദിവസവുമാകുന്നു. പ്രവാചകൻﷺ അരുളി: "അല്ലാഹുവിന്റെയടുക്കൽ ഏറ്റവും മഹത്തായ ദിവസങ്ങൾ ബലിദിനവും പിന്നെ അതിനു ശേഷമുള്ള മിനായിൽ താമസിക്കുന്ന ദിവസവുമാകുന്നു" (അബൂദാവൂദ് 1502).

ഈ ദിവസങ്ങളിൽ ചെയ്യുന്ന സൽകർമങ്ങൾ വളരെ മഹത്തായ കാര്യം തന്നെയാകുന്നു. ഇബ്നുഅബ്ബാസ്ؓ നിവേദനം; റസൂൽﷺ അരുളി: "ഈ (ദുൽഹജ്ജ്) പത്തു ദിവസങ്ങളിൽ പു

**വിശുദ്ധ ഹജ്ജ് കർമത്തിന്റെ നാളുകൾ സമാഗതമായി. ഹജ്ജിന് പോകാത്തവർക്കും ഏറെ പ്രതിഫലം സമ്പാദിക്കുവാനുള്ള വഴികൾ കാരുണ്യവാനായ അല്ലാഹു തുറന്നു തന്നിട്ടുണ്ട് എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. അല്ലാഹു ദുൽഹജ്ജ് മാസത്തിലെ പത്ത് ദിനരാത്രങ്ങൾക്ക് ഏറെ ശ്രേഷ്ഠതകൾ കൽപിച്ചിരിക്കുന്നു എന്നതാണത്. ആ പുണ്യദിനങ്ങളെ സ്വീകരിക്കുവാൻ നാം ഒരുങ്ങിയിട്ടുണ്ടോ? അല്ലാഹു തൃപ്തിപ്പെടുകയും അവനിലേക്ക് നമ്മെ അടുപ്പിക്കുകയും അവന്റെയടുക്കൽ നമ്മുടെ പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്ന സൽകർമങ്ങൾ അധികരിപ്പിക്കുവാൻ ഈ അവസരം നാം ഉപയോഗിക്കേണ്ടതുണ്ട്.**

ണ്യകർമങ്ങൾ അനുഷ്ഠിക്കുന്നതിനെക്കാൾ അല്ലാഹുവിന് ഇഷ്ടപ്പെടുന്ന മറ്റൊരു ദിവസത്തെ സൽകർമവുമില്ല.'' അവർ ചോദിച്ചു: "പ്രവാചകരേ, അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തെക്കാളുമോ?'' അവിടുന്ന് പറഞ്ഞു: "അതെ, അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തെക്കാളും! എന്നാൽ ഒരാൾ സ്വശരീരവും സമ്പത്തുമായി പുറപ്പെടുകയും അവയിൽനിന്ന് ഒന്നും അദ്ദേഹം തിരിച്ചുകൊണ്ടുവരാതെ രക്തസാക്ഷിയാവുകയും ചെയ്താലല്ലാതെ'' (ബുഖാരി: 969).

കർമങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരമാകുന്നു എന്നത് അറിയപ്പെട്ട കാര്യമാണ്. അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം: "നിശ്ചയം, ഒരാൾ നബി(ﷺ)യോട് ചോദിച്ചു: 'കർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് ഏതാകുന്നു?' നബി(ﷺ) അരുളി: 'അല്ലാഹുവിലും അല്ലാഹുവിന്റെ പ്രവാചകനിലുമുള്ള വിശ്വാസമാകുന്നു.' അദ്ദേഹം വീണ്ടും ചോദിച്ചു: 'പിന്നീട് ഏതാകുന്നു?' പ്രവാചകൻ(ﷺ) അരുളി: 'അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരം.' അയാൾ വീണ്ടും ചോദിച്ചു: 'പിന്നീട് ഏതാകുന്നു?' നബി(ﷺ) അരുളി: 'സ്വീകാര്യമായ ഹജ്ജ്'' (ബുഖാരി: 1447).

ഈ പ്രമാണങ്ങളിൽ നിന്നും ദുൽഹജ്ജിലെ ആദ്യത്തെ പത്ത് ദിവസങ്ങളിലെ കർമങ്ങൾ മറ്റു ദിവസങ്ങളിലെ കർമങ്ങളെക്കാൾ അല്ലാഹുവിന്റെയടുക്കൽ ഏറ്റവും പ്രിയമുള്ളതും ശ്രേഷ്ഠമായതു മാകുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. പുണ്യങ്ങൾ വാരിക്കൂട്ടാൻ എത്ര നല്ല അവസരം! നന്മകളെ സമന്വയിപ്പിക്കാൻ പറ്റിയ എത്ര നല്ല വാതായനം! അല്ലാഹുവിലുള്ള വിശ്വാസവും കൃത്യസമയത്തുള്ള നമസ്കാരവും കഴിഞ്ഞാൽ പിന്നെ അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരമാണ് ഏറ്റവും പുണ്യമായ കർമം. എന്നാൽ ദുൽഹജ്ജിലെ ആദ്യത്തെ പത്ത് ദിവസങ്ങളിലാണെങ്കിൽ ആ ധർമസമരത്തെക്കാൾ പുണ്യമായതാണ് അതിലെ സൽകർമങ്ങൾ. നന്മകളിൽ മത്സരിക്കുന്നവർക്കായി തുറക്കപ്പെടുന്ന എത്രയോ മഹത്തായ പുണ്യദിനങ്ങൾ. ഇതിനെ അവഗണിക്കുന്നവനെക്കാൾ വലിയ നഷ്ടക്കാർ ആരുണ്ട്? ആകയാൽ ഇതിൽ അലസത കാണിക്കുന്നതും പുണ്യകർമങ്ങൾ പിന്തിപ്പിക്കുന്നതും സൂക്ഷിക്കേണ്ടതാകുന്നു.

നബി(ﷺ) അരുളി: "പരലോകത്തിനുള്ള കർമങ്ങളൊഴിച്ച് എല്ലാകാര്യങ്ങളിലും താമസിപ്പിക്കൽ നന്മയാണ്'' (അബൂദാവൂദ്: 4810).

പരലോകവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മത്സരിക്കുകയും അവ പെട്ടെന്ന് ചെയ്തു തീർക്കുകയും ചെയ്യേണ്ടതാകുന്നു. അല്ലാഹു പറയുന്നത് നോക്കൂ: "കിടമത്സരം നടത്തുന്നവർ അതിൽ കിടമത്സരം നടത്തട്ടെ'' (അൽമുത്വഫ്ഫിഫീൻ: 26).

"...എന്നാൽ നിങ്ങൾ ചെയ്യേണ്ടത് സൽപ്രവർത്തനങ്ങൾക്കായി മുന്നോട്ടു വരികയാണ്...'' (അൽബകറ: 148).

**പ്രമാണങ്ങളിൽ നിന്നും ദുൽഹജ്ജിലെ ആദ്യത്തെ പത്ത് ദിവസങ്ങളിലെ കർമങ്ങൾ മറ്റു ദിവസങ്ങളിലെ കർമങ്ങളെക്കാൾ അല്ലാഹുവിന്റെയടുക്കൽ ഏറ്റവും പ്രിയമുള്ളതും ശ്രേഷ്ഠമായതുമാകുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. പുണ്യങ്ങൾ വാരിക്കൂട്ടാൻ എത്ര നല്ല അവസരം! നന്മകളെ സമന്വയിപ്പിക്കാൻ പറ്റിയ എത്ര നല്ല വാതായനം! അല്ലാഹുവിലുള്ള വിശ്വാസവും കൃത്യസമയത്തുള്ള നമസ്കാരവും കഴിഞ്ഞാൽ പിന്നെ അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരമാണ് ഏറ്റവും പുണ്യമായകർമം. എന്നാൽ ദുൽഹജ്ജിലെ ആദ്യത്തെ പത്ത് ദിവസങ്ങളിലാണെങ്കിൽ ആ ധർമസമരത്തെക്കാൾ പുണ്യമായതാണ് അതിലെ സൽകർമങ്ങൾ. നന്മകളിൽ മത്സരിക്കുന്നവർക്കായി തുറക്കപ്പെടുന്ന എത്രയോ മഹത്തായ പുണ്യദിനങ്ങൾ. ഇതിനെ അവഗണിക്കുന്നവനെക്കാൾ വലിയ നഷ്ടക്കാർ ആരുണ്ട്? ആകയാൽ ഇതിൽ അലസത കാണിക്കുന്നതും പുണ്യകർമങ്ങൾ പിന്തിപ്പിക്കുന്നതും സൂക്ഷിക്കേണ്ടതാകുന്നു.**

### എന്തുകൊണ്ട് ഇത്രയും മഹത്ത്വങ്ങൾ?

ബുഖാരിയുടെ വ്യാഖ്യാതാവായ ഹാഫിദ് ഇബ്നുഹജർ(റഹി) പറയുന്നു: "ദുൽഹജ്ജ് മാസത്തിലെ ആദ്യത്തെ പത്തു ദിവസങ്ങൾ പ്രത്യേകമാകാനുള്ള കാരണമായി പ്രകടമാകുന്നത് നമസ്കാരം, നോമ്പ്, ധർമം, ഹജ്ജ് തുടങ്ങിയ ഇസ്‌ലാമിലെ എല്ലാ അടിസ്ഥാന ആരാധനകളും ഇതിൽ ഒരുമിച്ച് കൂടുന്നുവെന്നതാകുന്നു. മറ്റു സമയങ്ങളിലൊന്നും അവ ഇപ്രകാരം ഒരുമിച്ചുകൂടുന്നില്ല'' (ഫത്ഹുൽബാരി 2/460).

ഇബ്നു ഖുദാമ പറയുകയുണ്ടായി: "ദുൽഹജ്ജിലെ പത്തു ദിവസങ്ങൾ എന്തുകൊണ്ടും ശ്രേഷ്ഠവും ഉൽകൃഷ്ടവുമാകുന്നു. അതിൽ ചെയ്യുന്ന സൽകമങ്ങളുടെ പ്രതിഫലം ഇരട്ടിപ്പിക്കുന്നതും അന്ന് ഇബാദത്തുകളിൽ കൂടുതൽ പ്രയത്നിക്കൽ സുന്നത്തുമാകുന്നു'' (മുഗ്നി: 4/443).

ഈ അനുഗൃഹീത നാളുകളിൽ സൽകർമങ്ങൾ ചെയ്യുന്നതിൽ താൽപര്യം കാണിക്കുന്നത് യഥാർ ഥത്തിൽ നന്മയിൽ ധൃതികാണിക്കലും ഭക്തിയുടെ അടയാളവുമാകുന്നു. അല്ലാഹു പറയുന്നത് കാണു ക: “വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആ ദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളി ലെ ധർമനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ” (അൽ ഹജ്ജ്: 32).

“അവയുടെ മാംസങ്ങളോ രക്തങ്ങളോ അല്ലാഹു വിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർ മനിഷ്ഠയാണ് അവങ്കൽ എത്തുന്നത്” (അൽഹ ജ്ജ്:37).


ആയതിനാൽ കൂടുതൽ സൽകർമങ്ങൾ ചെയ് തുകൊണ്ട് ഈ പുണ്യദിനങ്ങളെ ഉപയോഗപ്പെടുത്തു വാൻ തീരുമാനിക്കുക. ഈ ദിനങ്ങളിൽ നാം പു ണ്യകർമങ്ങൾകൊണ്ടും സദ്‌വാക്കുകൾ കൊണ്ടും സ ജീവമാക്കുന്നതിൽ അതീവ താൽപര്യം കാണി ക്കേണ്ടതുണ്ട്. അങ്ങനെ വല്ല കാര്യത്തിലും ഒരാൾ തീരുമാനമെടുക്കുന്നുവെങ്കിൽ ആ പ്രവൃത്തി പൂർ ത്തിയാക്കുന്നതിന് അല്ലാഹു അവനെ സഹായിക്കു ന്നതുമാകുന്നു.

അല്ലാഹു പറയുന്നു: “നമ്മുടെ മാർഗത്തിൽ സ മരത്തിൽ ഏർപെട്ടവരാരോ, അവരെ നമ്മുടെ വഴി കളിലേക്ക് നാം നയിക്കുകതന്നെ ചെയ്യുന്നതാണ്” (അൽഅൻകബൂത്ത്: 69).

വിശ്വാസികൾ റമദാനിന്റെ പകലിൽ അല്ലാഹു വിന്റെ പ്രീതിക്കുവേണ്ടി നോമ്പെടുക്കുകയും കുർ ആൻ പാരായണം ചെയ്യുകയും കഴിയുന്നത്ര ദാന ധർമങ്ങൾ ചെയ്യുകയും ചെയ്യുന്നു. എന്നാൽ ദുൽ ഹജ്ജിലെ ആദ്യത്തെ പത്തു ദിനങ്ങളിൽ ചെയ്യുന്ന കർമങ്ങൾ വർഷത്തിലെ മറ്റു ദിവസങ്ങളിൽ ചെയ്യു ന്ന കർമ ങ്ങളെക്കാൾ അല്ലാഹുവിന്ന് ഏറ്റവും പ്രി യമുള്ളതായിട്ടും അധികമാളുകളും എന്തുകൊണ്ട് ഇത് ചെയ്യുന്നില്ല? ഈ ദിവസങ്ങളുടെ ശ്രേഷ്ഠത യെക്കുറിച്ചുള്ള അറിവില്ലായ്മയായിരിക്കാം ഇതിനൊരു കാരണം.

മനസ്സുകളിൽ കറപിടിക്കുമ്പോൾ അതിനെ സ് ഫുടം ചെയ്യേണ്ടതും അത് ബലഹീനമാകുമ്പോൾ അതിന് ശക്തി പകരേണ്ടതും ആവശ്യമാണ്. ന്യൂ നതകളും പിഴവുകളും സംഭവിക്കുമ്പോൾ അവ നി കത്തേണ്ടതിനായി ശ്രമിക്കേണ്ടതുണ്ട്.

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്ﷺ നി വേദനം; നബിﷺ പറഞ്ഞു: “വസ്ത്രം ദ്രവിക്കുന്നത് പോലെ നിങ്ങളുടെ ഓരോരുത്തരുടുടെയും ഹൃദയ ങ്ങളിൽ ഈമാൻ (വിശ്വാസം) ദ്രവിക്കുന്നതാണ്. അ തിനാൽ നിങ്ങളുടെ ഹൃദയങ്ങളിൽ ഈമാൻ പുതു ക്കിക്കിട്ടാൻ നിങ്ങൾ അല്ലാഹുവിനോട് ചോദിക്കുക” (ഇബ്നുമാജ: 1590).




വിശ്വാസ ദൗർബല്യത്തിൽ നിന്നും ഹൃദയത്തെ സംസ്കരിക്കുന്നതിന് ഈ ദിനങ്ങളെ ഫലപ്രദമായി ഉപയോ ഗിക്കേണ്ടതാണ്. ദേഹേച്ഛകളാണ് പ ലപ്പോഴും നമ്മെ അപഥ സഞ്ചാരത്തി ലേക്ക് നയിക്കുന്നത്. ദേഹേച്ഛകൾക്ക് കടിഞ്ഞാണിടാൻ ഒരു വിശ്വാസിക്ക് സാധിക്കണം.

അല്ലാഹു പറയുന്നു: “ഏതൊരു വൻ തന്റെ രക്ഷിതാവിന്റെ സ്ഥാന ത്തെ ഭയപ്പെടുകയും മനസ്സിനെ തന്നി ഷ്ടത്തിൽ നിന്ന് വിലക്കി നിർത്തുക യും ചെയ്തുവോ സ്വർഗം തന്നെയാ ണ് അവന്റെ സങ്കേതം” (അന്നാസിആ ത്: 40,41).

ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ
വിവർത്തനം: ശമീർ മദീനി

ലേഖനം

പണ്ഡിതന്മാരോടുള്ള കടപ്പാടുകൾ: 2



# മുജ്തഹിദായ പണ്ഡിതന്മാരും ഹദീഥുകളും

**ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയയുടെ 'റഫ്ഉൽ മലാം' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

ഹദീഥുകൾ മുഴുവൻ അറിയാത്ത ഒരാൾ 'മുജ്തഹിദാവുകയില്ല' എന്ന് വാസ്തവമറിയുന്ന ഒരാളും പറയുകയില്ല. കാരണം, മതവിധികളുമായി ബന്ധപ്പെട്ട് നബിﷺ പറഞ്ഞ എല്ലാ കാര്യങ്ങളും അപ്രകാരം തന്നെ അവിടുന്ന് ചെയ്ത എല്ലാ സംഗതികളും ഒരു മുജ്തഹിദ് (ഗവേഷണ യോഗ്യതയുള്ള പണ്ഡിതൻ) അറിഞ്ഞിരിക്കൽ അനിവാര്യമായ നിബന്ധന(ശ്വർത്വ്)യാണെന്ന് പറയുകയാണെങ്കിൽ ഒരൊറ്റ മുജ്തഹിദും ഈ സമൂഹത്തിൽ ഉണ്ടാവുകയില്ല. മറിച്ച്, ഒരു പണ്ഡിതനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ പ്രവാചകാധ്യാപനങ്ങളുടെ ഭൂരിഭാഗവും അയാൾ അറിഞ്ഞിരിക്കണം എന്നേ പറയാനൊക്കുകയുള്ളൂ. അതായത്, വളരെ കുറഞ്ഞ ചില വിശദാംശങ്ങളല്ലാത്തവയൊന്നും അദ്ദേഹം അറിയാതെ പോകരുത്. അതോടൊപ്പം, അദ്ദേഹത്തിന് ലഭിക്കാതെ പോയ ആ കുറഞ്ഞ ഹദീഥുകൾ ചിലപ്പോൾ അദ്ദേഹം മനസ്സിലാക്കിയ കാര്യങ്ങൾക്ക് എതിരായി വരികയും ചെയ്തേക്കാം. (സ്വഹാബത്തിന്റെ ജീവിതത്തിൽ നിന്നു തന്നെ അത്തരത്തിലുള്ള നിരവധി ഉദാഹരണങ്ങൾ നാം കഴിഞ്ഞ ലക്കത്തിൽ കണ്ടു കഴിഞ്ഞു).

നബിﷺയിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന ഹദീഥുകൾക്ക് എതിരായി പണ്ഡിതന്മാരുടെ വാക്കുകൾ വരാനുള്ള രണ്ടാമത്തെ കാരണം ആ വിഷയത്തിലുള്ള ഹദീഥ് ലഭിക്കാത്തതല്ല. പ്രത്യുത ആ റിപ്പോർട്ട് അദ്ദേഹത്തിന്റെയടുക്കൽ സ്വഹീഹായി (സ്വീകാര്യയോഗ്യമായി) സ്ഥിരപ്പെട്ടിട്ടുണ്ടാവുകയില്ല.

തന്നോട് പ്രസ്തുത സംഭവം റിപ്പോർട്ട് ചെയ്ത വ്യക്തിയോ അദ്ദേഹത്തോട് ആ ഹദീഥ് പറഞ്ഞ വ്യക്തിയോ അതുമല്ലെങ്കിൽ അതിന്റെ പരമ്പര(സനദ്)യിലെ ഏതെങ്കിലും നിവേദകന്മാർ (റാവികൾ) ഹദീഥിന്റെ വിഷയത്തിൽ സ്വീകാര്യയോഗ്യമല്ലാത്ത അജ്ഞാതരോ (മജ്ഹൂൽ) കളവ് പറഞ്ഞതായി സ്ഥിരീകരിക്കപ്പെട്ടവരോ (മുത്തഹം) ഓർമക്കുറവുള്ളവരോ (സയ്യിഉൽ ഹിഫ്ദ്) പോലെയുള്ള അസ്വീകാര്യരായിരിക്കാം.

അതല്ലെങ്കിൽ കണ്ണിമുറിയാത്ത കുറ്റമറ്റ പരമ്പരകളിലൂടെ പ്രസ്തുത ഹദീഥ് അദ്ദേഹത്തിന് കിട്ടിയിട്ടുണ്ടാവില്ല. അതുമല്ലെങ്കിൽ പ്രസ്തുത ഹദീഥിന്റെ പദങ്ങൾ ഇദ്ദേഹം കൃത്യപ്പെടുത്താതെയും വരാം. അതേ സമയം ഈ ഹദീഥ് മറ്റു പല പണ്ഡിതന്മാരുടെയും അടുക്കൽ കണ്ണിമുറിയാത്ത പരമ്പരയിലൂടെ കുറ്റമറ്റരീതിയിൽ എത്തുകയും ചെയ്തിട്ടുണ്ടാവാം. അതായത്, അജ്ഞാതൻ (മജ്ഹൂൽ) എന്ന് ഇദ്ദേഹം വിധിയെഴുതിയ നിവേദകൻ മറ്റു പലപണ്ഡിതന്മാരുടെയും അടുക്കൽ വിശ്വസ്തനും അറിയപ്പെട്ട ആളുമായിരിക്കാം. അതല്ലെങ്കിൽ വിമർശന വിധേയരായ നിവേദകന്മാരിലൂടെയല്ലാതെ കുറ്റമറ്റ രീതിയിൽ മറ്റുള്ളവർക്ക് പ്രസ്തുത ഹദീഥ് ലഭിച്ചിരിക്കാനും സാധ്യതയുണ്ട്. ചില ഹദീഥ് പണ്ഡിതന്മാർ ഹദീഥിന്റെ പദങ്ങൾ സൂക്ഷ്മ പരിശോധനകളിലൂടെ ഉറപ്പ് വരുത്തിയിട്ടുള്ളത് കാണാം. അല്ലെങ്കിൽ ആ റിപ്പോർട്ടിന് പിൻബലമേകുന്ന മറ്റു റിപ്പോർട്ടുകൾ അഥവാ 'ശവാഹിദു'കളും 'മുതാബആത്തു'കളും മുഖേന അതിന്റെ പ്രബലത വ്യക്തമാക്കിയിട്ടുണ്ടാകും. ഇത്തരത്തിലുള്ള ധാരാളം റിപ്പോർട്ടുകൾ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽ കാണാം. ആദ്യകാലക്കാരായ സ്വഹാബത്തിലുള്ളതിനെക്കാൾ ഇത്തരം സംഗതികൾ കൂടുതലുള്ളത് താബിഈങ്ങളും തബഉത്താബിഈങ്ങളും മുതൽ അവർക്കു ശേഷമുള്ള പ്രമുഖരായ ഇമാമീങ്ങൾ വരെയുള്ളവരുടെ കാലങ്ങളിലാണ്.

ആളുകൾക്കിടയിൽ പ്രചരിക്കുകയും പ്രസിദ്ധമാവുകയുമൊക്കെ ചെയ്ത ചില ഹദീഥുകൾ പല പണ്ഡിതന്മാർക്കും ദുർബലമായ വഴികളിലൂടെയായിരിക്കും കിട്ടിയിട്ടുണ്ടാവുക. എന്നാൽ വേറെ ചിലർക്ക് ഈ ദുർബല വഴികളിലൂടെയല്ലാതെ കുറ്റമറ്റ പരമ്പരയിലൂടെ പ്രസ്തുത ഹദീഥുകൾ കിട്ടിയിട്ടുണ്ടാവുകയും ചെയ്യും. അപ്പോൾ കുറ്റമറ്റ വഴിയിലൂടെ വന്ന റിപ്പോർട്ടുകൾ പ്രബലവും തെളിവിന് കൊള്ളുന്നവയുമായിരിക്കും എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ കുറ്റമറ്റ പരമ്പരയിലൂടെ പ്രസ്തുത ഹദീഥ്, അതിന് എതിരായി 'ഫത്വ' പറഞ്ഞ പണ്ഡിതന്മാർക്ക് ലഭ്യമായിട്ടുണ്ടാവില്ല. അതുകൊണ്ടാണ് ഹദീഥിന്റെ പ്രബലതയുമായി ബന്ധപ്പെടുത്തിക്കൊണ്ട് പല ഇമാമീങ്ങളും ഇങ്ങനെ പറഞ്ഞിട്ടുള്ളത്: "ഈ വിഷയത്തിൽ എന്റെ അഭിപ്രായം ഇന്നതാണ്. എന്നാൽ ഇതിൽ ഇന്ന രൂപത്തിൽ ഹദീഥ് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അത് പ്രബലവും സ്വീകാര്യയോഗ്യവുമാണെങ്കിൽ എന്റെ അഭിപ്രായം അതാണ്."

മൂന്നാമത്തെ കാരണം: ഹദീഥ് ദുർബലമാണെന്ന വിശ്വാസം. മറ്റുള്ളവരുടെ അഭിപ്രായത്തിനു വിരുദ്ധമായി തന്റെ പഠന ഗവേഷണത്തിലൂടെ തനിക്ക് ലഭിച്ച ഹദീഥ് സ്ഥിരപ്പെട്ടിട്ടില്ല എന്ന വിലയിരുത്തൽ കൊണ്ട് ഒരു പണ്ഡിതൻ പറഞ്ഞ വാക്കുകൾ മറ്റുള്ളവരുടെ വാക്കുകൾക്ക് എതിരാകാം. പ്രസ്തുത ഹദീഥ് പ്രബലമാകാനുള്ള വല്ല വഴികളുമുണ്ടോ എന്നൊന്നും നോക്കാതെ തന്നെ ലഭ്യമായ ഹദീഥിന്റെ പരമ്പര മാത്രം വിലയിരുത്തിക്കൊണ്ടുമാകാം പ്രസ്തുത വാക്കുകൾ. ചിലപ്പോൾ ശരി അദ്ദേഹത്തോടൊപ്പമായിരിക്കാം. അല്ലെങ്കിൽ മറ്റുള്ളവരുടെ അഭിപ്രായത്തോടൊപ്പമായിരിക്കാം. അതു

**നബിﷺയിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന ഹദീഥുകൾക്ക് എതിരായി പണ്ഡിതന്മാരുടെ വാക്കുകൾ വരാനുള്ള രണ്ടാമത്തെ കാരണം ആ വിഷയത്തിലുള്ള ഹദീഥ് ലഭിക്കാത്തതല്ല. പ്രത്യുത ആ റിപ്പോർട്ട് അദ്ദേഹത്തിന്റെയടുക്കൽ സ്വഹീഹായി (സ്വീകാര്യയോഗ്യമായി) സ്ഥിരപ്പെട്ടിട്ടുണ്ടാവുകയില്ല. തന്നോട് പ്രസ്തുത സംഭവം റിപ്പോർട്ട് ചെയ്ത വ്യക്തിയോ അദ്ദേഹത്തോട് ആ ഹദീഥ് പറഞ്ഞ വ്യക്തിയോ അതുമല്ലെങ്കിൽ അതിന്റെ പരമ്പര(സനദ്)യിലെ ഏതെങ്കിലും നിവേദകന്മാർ (റാവികൾ) ഹദീഥിന്റെ വിഷയത്തിൽ സ്വീകാര്യയോഗ്യമല്ലാത്ത അജ്ഞാതരോ (മജ്ഹൂൽ) കളവ് പറഞ്ഞതായി സ്ഥിരീകരിക്കപ്പെട്ടവരോ (മുത്തഹം) ഓർമക്കുറവുള്ളവരോ (സയ്യിഉൽ ഹിഫ്ദ്) പോലെയുള്ള അസ്വീകാര്യരായിരിക്കാം.**

മല്ലെങ്കിൽ 'ഓരോ മുജ്തഹിദിനും പ്രതിഫലമുണ്ട്' എന്ന ന്യായമനുസരിച്ച് രണ്ടു കൂട്ടർക്കും ശരിയുടെ പക്ഷമുണ്ട് എന്നും വരാം

ഇതിനു പല കാരണങ്ങളുമുണ്ട്: 1) ഒരു ഹദീഥ് ഉദ്ധരിക്കുന്ന പണ്ഡിതൻ നിവേദകരിൽ ഒരാളെ ദുർബലനായി (ദഈഫ്) കാണുന്നു. എന്നാൽ മറ്റൊരാൾ ആ വ്യക്തിയെ സ്വീകാര്യമായി (ഥികത്) കാണുകയും ചെയ്യുന്നു. നിവേദകരെ കുറിച്ചുള്ള അറിവിന്റെ മേഖല അതിവിശാലമാണ്. ചിലപ്പോൾ ആ നിവേദകൻ ദുർബലനാണെന്നു പറഞ്ഞ വ്യക്തിയുടെ വാക്കുകളായിരിക്കാം ശരി. ദുർബലതയുടെ ന്യായമായ കാരണങ്ങൾ അദ്ദേഹത്തിന് മനസ്സിലാക്കാൻ സാധിച്ചതുകൊണ്ട് അങ്ങനെ ഒരു തീരുമാനത്തിലേക്ക് അദ്ദേഹം എത്തിച്ചേർന്നതായിരിക്കാം. അതുപോലെ തന്നെ ആ നിവേദകനെ കുറിച്ച് സ്വീകാര്യനെന്ന് വിധിപറഞ്ഞ പണ്ഡിതന്റെ വാക്കുകളും ശരിയാവാനുള്ള സാധ്യതയുണ്ട്. ഉപരിസൂചിത പണ്ഡിതൻ ന്യൂനതയായി കരുതിയ സംഗതി സത്യത്തിൽ ഹദീഥിന്റെ സ്വീകാര്യതയിൽ അയോഗ്യനാക്കുന്ന ഒരു ന്യൂനത അല്ലാത്തതുകൊണ്ടോ അതല്ലെങ്കിൽ ന്യൂനത വിധിക്കുന്നതിനു തടസ്സമാകുന്ന മറ്റെന്തെങ്കിലും ന്യായം അദ്ദേഹത്തിനുണ്ടായതുകൊണ്ടോ ആകാം. ഇത് വിശാലമായൊരു മേഖലയാണ്. ഹദീഥ് നിവേദകന്മാരെ കുറിച്ച് പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായങ്ങളും അഭിപ്രായ ഭിന്നതകളും ഉണ്ട്; മറ്റ് പല വിഷയങ്ങളിലും പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉള്ളത് പോലെ.

ഹദീഥ് നിവേദനം ചെയ്ത വ്യക്തി അദ്ദേഹത്തിന്റെ നേരെ മുകളിലുള്ള നിവേദകനിൽ നിന്ന് നേരിട്ട് ഹദീഥ് കേട്ടതായി ഉറപ്പ് കിട്ടാത്തതുകൊണ്ട് ഒരു പണ്ഡിതൻ ഒരു ഹദീഥിനെ കുറിച്ച് 'ദുർബലം' എന്ന നിഗമനത്തിലെത്തിയേക്കാം. അതേസമയം മറ്റൊരു പണ്ഡിതൻ ആ നിവേദകന്മാർ പരസ്പരം കാണുകയും ഹദീഥ് നേരിട്ട് കൈമാറുകയും ചെയ്തതായി സ്ഥിരീകരിച്ച് പറയുകയും ചെയ്തേക്കാം.

അപ്രകാരം തന്നെ ഹദീഥ് റിപ്പോർട്ട് ചെയ്ത നിവേദകൻ സ്വീകരിക്കാവുന്ന നേരായ അവസ്ഥയും (ഇസ്തിക്വാമത്ത്) സ്വീകരിക്കാൻ പറ്റാത്ത അവസ്ഥയും (ഇദ്തിറാബ്) ഉള്ള വ്യക്തിയാകാം. ഹദീഥ് നിവേദകന്റെ ഓർമകൾക്ക് തകരാർ സംഭവിക്കുകയോ രേഖപ്പെടുത്തിയ ഹദീഥ് സമാഹാരം തീപിടിച്ചോ മറ്റോ നശിച്ചുപോയ അവസ്ഥയോ ഉള്ള വ്യക്തിയാണ് ഒരു നിവേദകനെങ്കിൽ അദ്ദേഹം കുറ്റമറ്റ സന്ദർഭത്തിൽ (ഇസ്തിക്വാമത്തിന്റെ ഘട്ടത്തിൽ) നിവേദനം ചെയ്ത ഹദീഥുകൾ സ്വീകരിക്കുകയും അതിനുശേഷമുള്ള അദ്ദേഹത്തിന്റെ റിപ്പോർട്ടുകളെ ദുർബലമായി ഗണിക്കുകയും ചെയ്യും. അഭിപ്രായ വ്യത്യാസത്തിലിരിക്കുന്ന ഹദീഥ് ഈ രണ്ടിനത്തിൽ ഏതിലാണ് വരിക എന്ന് വ്യക്തമായി അറിയാതെ വരുമ്പോൾ വീക്ഷണ വ്യത്യാസമുണ്ടാകുന്നു. ഒരു പണ്ഡിതൻ ആ നിവേദകന്റെ പ്രസ്തുത ഹദീഥ് ഇദ്തിറാബിന്റെ ഘട്ടത്തിലുള്ള നിവേദനമായി പരിഗണിക്കുമ്പോൾ മറ്റൊരുപണ്ഡിതൻ അതിനെ ഇസ്തിക്വാമത്തിന്റെ റിപ്പോർട്ടായി ഗണിക്കുകയും ചെയ്യുന്നു. ഇക്കാര്യം സുവിദിതമാണ്.

ഹിജാസുകാരിൽ അധികവും അഭിപ്രായപ്പെടുന്ന




**സത്യസന്ധതയും ഓർമശക്തിയുമൊക്കെയുള്ള സ്വീകാര്യയോഗ്യനായ ഒരു നിവേദകന്റെ റിപ്പോർട്ടിൽ ചിലർ കൂടുതലായി വെക്കുന്ന നിബന്ധനകൾ കാരണമായി അഭിപ്രായ വ്യത്യാസങ്ങളുണ്ടായേക്കും. അത്തരം അധിക നിബന്ധനകളിൽ മറ്റു പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുള്ളതാണ് ഇതിനു കാരണം. ഉദാഹരണത്തിന് വിശ്വസ്തരായ വ്യക്തികളുടെ ആഹാദായ റിപ്പോർട്ടുകൾ ഖുർആനിനോടും സുന്നത്തിനോടും ഒത്തുനോക്കണം എന്ന ചിലരുടെ നിബന്ധന. അതേപോലെ ഹദീഥിന്റെ നിവേദകൻ കർമശാസ്ത്ര പണ്ഡിതൻ കൂടിയായിരിക്കണമെന്ന നിബന്ധന; വിശിഷ്യാ ഖിയാസിന്റെ അടിസ്ഥാനങ്ങൾക്ക് എതിരായി റിപ്പോർട്ട് ഉദ്ധരിക്കപ്പെടുമ്പോൾ. അപ്രകാരം തന്നെ, എല്ലാവരെയും ബാധിക്കുന്ന പൊതുവായ ഹദീഥുകളാണ് എങ്കിൽ പ്രചുരപ്രചാരം നേടാതെ പോയാൽ സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന നിലപാടും ഇതിനുദാഹരണമാണ്. ഇതല്ലാത്ത വേറെയും പല നിബന്ധനകൾ ഇത്തരം ചർച്ചാ മേഖലകളിൽ സുപരിചിതമാണ്.**

ത് ഹിജാസിലെ റിപ്പോർട്ടുകാരുമായി അടിസ്ഥാന പരമായി ബന്ധമില്ലാത്ത ഇറാഖി, സിറിയൻ നിവേദകരുടെ ഹദീഥുകൾ തെളിവിന് യോഗ്യമല്ല എന്നാണ്. എത്രത്തോളമെന്നാൽ അവരിൽ ചിലർ ഇങ്ങനെ വരെ പറഞ്ഞിട്ടുണ്ട്: ഇറാഖുകാരുടെ ഹദീഥുകളെ നിങ്ങൾ അഹ്ലുൽകിതാബിന്റെ വാക്കുകളെ പോലെ ഗണിക്കുക. അതിനെ തള്ളുകയോ കൊള്ളുകയോ വേണ്ട.

മറ്റൊരാളോട് ഇങ്ങനെ ചോദിക്കുകയുണ്ടായി: 'സുഫ്‌യാൻ മൻസ്വൂറിൽ നിന്നും അദ്ദേഹം ഇബ്‌റാഹീമിൽ നിന്നും അദ്ദേഹം അൽക്വമയിൽ നിന്നും അദ്ദേഹം അബ്ദുല്ലയിൽ നിന്നും ഉദ്ധരിക്കുന്നത് പ്രബലമാണോ?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അതിന് ഹിജാസിൽ വല്ല അടിസ്ഥാനവുമുണ്ടെങ്കിൽ പറ്റും, ഇല്ലെങ്കിൽ പറ്റില്ല.'

ഇതെന്തു കൊണ്ടെന്നാൽ; ഹദീഥുകൾ കൃത്യപ്പെടുത്തി സൂക്ഷിച്ചത് ഹിജാസുകാരാണെന്ന അവരുടെ വിശ്വാസത്താലാണ്. അതിനാൽ അവർക്ക് സുന്നത്ത് നഷ്ടപ്പെട്ടുപോയിട്ടില്ല. ഇറാഖുകാരുടെ നിവേദനങ്ങളാകട്ടെ, അവയിൽ ഈ കണിശതയും കൃത്യതയും കാണുകയില്ല. അതിനാൽ ഒരു മധ്യനില അതിൽ വേണ്ടതായി വന്നു.



ചില ഇറാഖീ പണ്ഡിതന്മാർ സിറിയക്കാരുടെ റിപ്പോർട്ടുകൾ സ്വീകാര്യമല്ലെന്ന അഭിപ്രായക്കാരാണ് . ഈ നിലപാടിന് എതിരാണ് ഭൂരിപക്ഷം പണ്ഡിതന്മാരും എങ്കിലും എപ്പോൾ ഒരു ഹദീഥിന്റെ പരമ്പര (സനദ്)വിശിഷ്ടമാകുന്നുവോ അപ്പോൾ അതിലൂടെ വന്ന ഹദീഥും പ്രബലമായിരിക്കും. അത് ഹിജാസ്‌കാരിലൂടെയോ ഇറാഖികളിലൂടെയോ സിറിയ(ശാം)ക്കാരിലൂടെയോ മറ്റു എവിടെനിന്നോ വന്നതായാലും ശരി.

ഇമാം അബൂദാവൂദ് അസ്സിജതാനി(റഹി) ഓരോ നാട്ടുകാരിൽ നിന്നും മാത്രമായി വന്ന റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഒരൊറ്റ നാട്ടുകാരിലൂടെയുമായി പ്രത്യേകം വന്ന റിപ്പോർട്ടുകളും മറ്റു നാടുകളിൽ കൃത്യമായ സനദോട് കൂടി അവ കാണപ്പെടാത്തതും അദ്ദേഹം അതിൽ വിശദമാക്കുന്നുണ്ട്

നാലാമത്തെ കാരണം: സത്യസന്ധതയും ഓർമശക്തിയുമൊക്കെയുള്ള സ്വീകാര്യയോഗ്യനായ ഒരു നിവേദകന്റെ റിപ്പോർട്ടിൽ ചിലർ കൂടുതലായി വെക്കുന്ന നിബന്ധനകൾ കാരണമായി അഭിപ്രായ വ്യത്യാസങ്ങളുണ്ടായേക്കും. അത്തരം അധിക നിബന്ധനകളിൽ മറ്റു പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുള്ളതാണ് ഇതിനു കാരണം. ഉദാഹരണത്തിന് വിശ്വസ്തരായ വ്യക്തികളുടെ ആഹാദായ റിപ്പോർട്ടുകൾ ക്വുർആനിനോടും സുന്നത്തിനോടും ഒത്തുനോക്കണം എന്ന ചിലരുടെ നിബന്ധന. അതേപോലെ ഹദീഥിന്റെ നിവേദകൻ കർമശാസ്ത്ര പണ്ഡിതൻ കൂടിയായിരിക്കണമെന്ന നിബന്ധന; വിശിഷ്യാ ഖിയാസിന്റെ അടിസ്ഥാനങ്ങൾക്ക് എതിരായി റിപ്പോർട്ട് ഉദ്ധരിക്കപ്പെടുമ്പോൾ. അപ്രകാരം തന്നെ, എല്ലാവരെയും ബാധിക്കുന്ന പൊതുവായ ഹദീഥുകളാണ് എങ്കിൽ പ്രചുരപ്രചാരം നേടാതെ പോയാൽ സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന നിലപാടും ഇതിനുദാഹരണമാണ്. ഇതല്ലാത്ത വേറെയും പല നിബന്ധനകൾ ഇത്തരം ചർച്ചാ മേഖലകളിൽ സുപരിചിതമാണ്.

**(അവസാനിച്ചില്ല)**

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com




# വിതക്കാത്തത് കൊയ്യാൻ ഒരുങ്ങുന്നവർ

അഗതി, അനാഥ മന്ദിരങ്ങളിൽ ഇടക്ക് പോകാറുണ്ട്. അന്നേരം ജോലിയുടെയും മറ്റും സമ്മർദം കുറയും, മനസ്സ് ആർദ്രമാകും. അന്ന് കൂട്ടുകാരോടൊപ്പമാണ് പോയത്. കേന്ദ്രത്തിലെ പഴയവരെ കണ്ട് പരിചയം പുതുക്കി; അവർക്കത് മനസ്സിലായിക്കൊള്ളണമെന്നില്ല എങ്കിലും. ഭക്ഷണ ഹാളിലേക്ക് പോകാൻ സാധിക്കാത്ത ചിലർ മുറിയിലിരുന്ന് കഴിക്കുന്നു. മറ്റുള്ളവരൊക്കെ ഭക്ഷണഹാളിലേക്ക് പോകുന്നു.

സ്ഥാപന മേധാവി ഒരു പുതിയ അന്തേവാസിയെ പരിചയപ്പെടുത്തി. ഈ 'പുതിയ ആൾ' മാത്രം രണ്ടിലും പെടാതെ മാറി, തന്റെ കട്ടിലിൽ ഇരിക്കുന്നു. മേധാവി വിളിച്ചപ്പോൾ ഞങ്ങളുടെ അടുത്തേക്ക് വന്നെങ്കിലും പ്രകടമായ അകൽച്ച കാണിച്ചു. ഭക്ഷണം കഴിക്കുന്നില്ലേ എന്ന ചോദ്യത്തിന് ഇല്ലെന്ന് ആംഗ്യം കാണിച്ച് അയാളുടെ ഇടത്തിലേക്ക് ചുരുങ്ങി. 70 വയസ്സിനടുത്ത് പ്രായം. മെലിഞ്ഞ ശരീരം. മുമ്പ് അധ്വാനിച്ച് ജീവിച്ചതെന്ന് വ്യക്തമാക്കുന്ന ശരീരം. മനസ്സ് വിചാരിക്കുന്നിടത്ത് ശരീരം എത്തുന്നില്ലെന്ന അസ്വസ്ഥത മറച്ചുവെക്കാത്ത ശരീരഭാഷ.

മേധാവി അയാളുടെ കഥ പറഞ്ഞു തുടങ്ങി: കല്യാണം കഴിച്ച് കുട്ടികളായപ്പോൾ അയാൾ രാജ്യം വിട്ട് പോയി. ബന്ധുക്കൾ അന്വേഷിച്ചെങ്കിലും ആളെ പിടികിട്ടിയില്ല. മറ്റെവിടെയോ ജീവിക്കുന്നു എന്ന് പിന്നീട് കേട്ടറിഞ്ഞു. മാതാവിന്റെയും മക്കളുടെയും ജീവിതം വഴിമുട്ടി.

പെറ്റമ്മ അയൽവീടുകളിൽ ചില്ലറ പണികളെടുത്ത് പട്ടിണി കിടന്നും അല്ലാതെയും മക്കളെ പോറ്റി. വേണ്ട പോലെ മക്കളുടെ പഠനവും നടന്നില്ല. അനാഥത്വവും ദാരിദ്ര്യവും പങ്കുവെച്ച് പരസ്പരം താങ്ങായി മക്കൾ വളർന്നു. മുതിർന്നപ്പോൾ കൂലിപ്പണി തുടങ്ങി. ജീവിതം തെളിഞ്ഞു തുടങ്ങി. അപ്പോഴതാ, അവരെ ഇളം പ്രായത്തിൽ വിധിക്ക് മുമ്പിലേക്ക് വലിച്ചെറിഞ്ഞ, സ്വന്തം ജീവിതം ആസ്വദിച്ച് കഴിച്ചുകൂട്ടിയ പിതാവ് തിരിച്ച് വന്നിരിക്കുന്നു!

വയസ്സായി ജീവിതം പണ്ടത്തെപ്പോലെ ആസ്വദിക്കാനാവാതെ വന്നപ്പോൾ നാടും വീടും മക്കളും അയാൾക്ക് ഓർമ വന്നു. മക്കളുടെ സംരക്ഷണം തനിക്ക് വേണമെന്ന തോന്നൽ വന്നു. എന്നാൽ പറക്കമുറ്റാത്ത കാലത്ത് തങ്ങളെ പട്ടിണിയുടെയും അശരണത്വത്തിന്റെയും ആഴത്തിലേക്ക് ചവിട്ടിത്താഴ്ത്തി സ്വന്തം ജീവിതാസ്വാദനങ്ങൾക്കായി വീടുപേക്ഷിച്ച് പോയ പിതാവിനെ സ്വീകരിക്കാൻ അവർ തയ്യാറായില്ല. പിതാവിൽ നിന്ന് കിട്ടാത്ത യാതൊന്നും തിരികെ കൊടുക്കില്ലെന്ന് മക്കൾ കട്ടായം പറഞ്ഞു. നാട്ടുകാരും ബന്ധുക്കളും ഇടപെട്ടെങ്കിലും മക്കൾ അയഞ്ഞില്ല.

കൊടുത്തതേ തിരിച്ച് കിട്ടൂ എന്ന് ഉറപ്പിച്ച് നാട്ടുകാർ അഗതി മന്ദിരത്തിൽ ഏൽപിച്ചു. ആ കലിപ്പ് വിടാത്ത വാശിയിലാണ് നിരാഹാരം. ആ മക്കളെ ന്യായീകരിക്കാനാല്ല ഞാൻ. പക്ഷേ, അവശ്യ കാലത്ത് വേണ്ടപ്പെട്ടവർക്ക് അതൊന്നും നൽകാതെ, തനിക്ക് വേണ്ടപ്പോൾ അത് കിട്ടിയില്ല എന്ന് പതം പറയാൻ പാടില്ല എന്നതാണ് ഇക്കഥയിലെ ഗുണപാഠം എന്ന് നമ്മളും മനസ്സിലാക്കുന്നത് നന്ന്.



WISDOM

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
27 July 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# ഉടൻ പുറത്തിറങ്ങുന്നു...




## ശുദ്ധീകരണം ഇസ്‌ലാമിൽ

**ഫള്ലുൽ ഹഖ് ഉമരി ആമയൂർ / വില: ₹ 110**

ശുദ്ധി വിശ്വാസത്തിന്റെ ഭാഗമാണ് എന്നതാണ് മതത്തിന്റെ അധ്യാപനം. അതിനാൽ ശുദ്ധീകരണം നിർബന്ധവുമാണ്. മനുഷ്യനെ ബാധിക്കുന്ന അശുദ്ധികൾ എന്തൊക്കെ, അവയെ എങ്ങനെ ശുദ്ധീകരിക്കും? തുടങ്ങിയ നിത്യജീവിതവുമായി ബന്ധപ്പെട്ട ധാരാളം മതവിധികളെ കുറിച്ചുള്ള ആഴത്തിലുള്ള സമഗ്ര പഠനമാണിത്. അഭിപ്രായ ഭിന്നതയുള്ള വിഷയങ്ങളിൽ പ്രാമാണിക നിലപാടുകൾ വ്യക്തമാക്കുന്നതിനാൽ വായനക്കാർക്ക് ഏറെ ഗുണപ്രദമാണ് ഈ കൃതി.




## ഖുർആൻ പാരായണ നിയമങ്ങൾ

**മുഹമ്മദ് ഷാ മൗലവി / വില: ₹ 50**

അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനിന്റെ പഠനവും പാരായണവും ഏറെ പുണ്യകരമാണ്. പാരായണത്തിന് നിരവധി നിയമങ്ങൾ ഉള്ള ഗ്രന്ഥം കൂടിയാണ് ഖുർആൻ. നിശ്ചിത നിയമത്തിലൂടെയല്ലാത്ത പാരായണങ്ങൾ ഗുരുതര അർഥ വ്യത്യാസങ്ങൾക്ക് കാരണമാവുമെന്നതിനാൽ, ഖുർആൻ പാരയണ നിയമങ്ങൾ അറിഞ്ഞിരിക്കൽ വിശ്വാസികൾക്ക് ബാധ്യതയാണ്. ഖുർആൻ പാരായണ നിയമങ്ങൾ ലളിതമായി ഈ കൃതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.